# വ്യാപാരകേരളം

സമ്പൂർണ്ണ മാസിക

പുസ്തകം 3 ലക്കം 1 പേജുകൾ 46 ഏപ്രിൽ 2022

• മാസിക **നാലാം** വർഷത്തിൽ

**വിഷു**
ആശംസകൾ



നവതി
പൂർണിമയിൽ
സി.എൽ.ജോസ്

➡ കഥകൾ
➡ കവിതകൾ
➡ പംക്തികൾ

# എഡിറ്റേഴ്സ് പേജ്




**മുഖചിത്രം:**
**സി.എൽ.ജോസ്**



'വ്യാപാരകേരളം' മാസികയും 'വാർത്താകേരളം' ഓൺലൈൻ ന്യൂസും നാലാം വർഷത്തിലേക്ക് പ്രവേശിക്കുന്നു. മൂന്നുവർഷം പൂർത്തിയാക്കിയ ഇന്ന് (01 ഏപ്രിൽ 2022) മറ്റൊരു സന്തോഷവാർത്തകൂടി പങ്കുവയ്ക്കുകയാണ്. 'വാർത്താകേരളം' ഓൺലൈൻ ന്യൂസിന്റെ റീഡർഷിപ്പ് ഒരു ലക്ഷം വായനക്കാരിൽ എത്തിയിരിക്കുന്നു. ബ്രോഡ്കാസ്റ്റിംഗ് രീതിയിൽ വാർത്ത സ്വീകരിക്കുന്നവരും വിവിധ ഗ്രൂപ്പുകളിലേക്ക് വാർത്ത ഷെയർ ചെയ്യുന്നവരും വെബ്സൈറ്റിലെ വാർത്താ വായനക്കാരുമടങ്ങുന്ന മാന്യ സ്നേഹിതർക്ക് കൂപ്പുകൈ.

വാർത്ത വായിക്കുന്നവരിൽ പത്ത് ശതമാനം പേരെങ്കിലും തങ്ങൾ ഇടംപിടിച്ചിട്ടുള്ള വിവിധ ഗ്രൂപ്പുകളിലേക്ക് വാർത്ത ഷെയർ ചെയ്യുന്നുവെന്നാണ് കണക്കാക്കപ്പെടുന്നത്. പക്ഷം ചേരാതെയുള്ള വാർത്താവതരണത്തിലൂടെ നേടാനായ വിശ്വാസ്യത, ഇതിനു സഹായകമായിട്ടുണ്ടെന്നാണ് ഞങ്ങൾ കരുതുന്നത്. തുടർന്നും ഇതേ നിലപാടിൽ, സത്യസന്ധമായ വാർത്താവതരണം നിർവഹിക്കുമെന്ന് ഉറപ്പുനൽകുന്നതിനും ഈ അവസരം പ്രയോജനപ്പെടുത്തുന്നു.

തുടക്കക്കാരിലെ പ്രതിഭകൾക്ക് എഴുത്തുകളരിയായും ലബ്ധപ്രതിഷ്ഠരുടെ മികച്ച രചനകൾ ഉൾപ്പെടുത്തിയും നാലാം വർഷത്തിലേക്ക് തേരോട്ടം ആരംഭിക്കുന്ന 'വ്യാപാരകേരളം' മാസികയ്ക്ക്, ലോകത്തെവിടെയുമുള്ള വലിയൊരു ആസ്വാദകശൃംഖല ഇതിനകം കെട്ടിപ്പടുക്കാനായിട്ടുണ്ട്. മാസികയുടെ ആഭിമുഖ്യത്തിൽ, സിആർപി പണിക്കർ സ്മാരക കവിതാ പുരസ്കാരവും മുണ്ടൂർ കൃഷ്ണൻകുട്ടി സ്മാരക കഥാപുരസ്കാരവും ആണ്ടിലൊരിക്കൽ നൽകിവരുന്നു. 2022ലെ കഥാപുരസ്കാരം അടുത്തനാളുകളിൽ തന്നെ പ്രഖ്യാപിക്കുന്നതാണ്. തൃശൂരിൽ നടത്താനുദ്ദേശിക്കുന്ന വാർഷികാഘോഷ ചടങ്ങിൽ പുരസ്കാരദാനവും നിർവഹിക്കും.

പതിവുപോലെ വ്യത്യസ്തരചനകളുമായാണ് പുതിയലക്കം വായനക്കാരിൽ എത്തുന്നത്. നാടകരചനയിലെ ആചാര്യൻ സി.എൽ.ജോസിന്റെ മുഖചിത്രവുമായാണ് പുതിയലക്കം രൂപപ്പെടുത്തിയിട്ടുള്ളത്. ഏപ്രിൽ നാലിന് നവതി ആഘോഷിക്കുന്ന പ്രിയ ജോസേട്ടന് ചെറുതെങ്കിലും ദീപ്തമായ ആദരം നൽകാനായതിൽ ഞങ്ങൾ കൃതാർത്ഥരാണ്.

**-സി.ആർ.രാജൻ,**
എഡിറ്റർ

ഓഫീസ്:
**വ്യാപാരകേരളം**
**(സമ്പൂർണ്ണ മാസിക)**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com


email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
**സി.ആർ.രാജൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**

## കാർട്ടൂൺ കേരളം:




രാജേശ്വരി തുളസി

# അകത്താളുകളിൽ


### ലേഖനം/പംക്തി

നവതിപൂർണിമയിൽ പേജ് 4
ഫ്രാങ്കോ ലൂയിസ്: പേജ് 7
തേജശ്രീ: പേജ് 16

### കാർട്ടൂൺ

രാജേശ്വരി തുളസി: പേജ് 3

### പുസ്തകപരിചയം

മുർശിദ് ബത്തേരി പേജ് 45

### കഥ

എ.കെ.അനിൽകുമാർ പേജ് 6
വി.പി.ജോൺസ് പേജ് 23
മാഗ്ളി ജാക്സൺ പേജ് 41

### കവിത

സ്റ്റെല്ല മാത്യു – പേജ് 5
ബൈജു റാഫേൽ – പേജ് 6
സെയ്തലവി വിളയൂർ – പേജ് 12
ബഷീർ മുളിവയൽ – പേജ് 13
യഹിയാ മുഹമ്മദ് – പേജ് 14
ജയപ്രകാശ് എറവ് – പേജ് 15
ഡോ. പി.സജീവ്കുമാർ – പേജ് 19
ജയപാലൻ കാര്യാട്ട് – പേജ് 20
രാജു കാഞ്ഞിരക്കാട് – പേജ് 21
കൃഷ്ണകുമാർ മാപ്രാണം – പേജ് 22
രാജൻ എലവത്തൂർ – പേജ് 28
ശ്രീജ എൽ.എസ് – പേജ് 30
സി.വി.സത്യൻ – പേജ് 31
കയ്യുമ്മു കോട്ടപ്പടി – പേജ് 32
ദർശന – പേജ് 33
മനീഷ മുകേഷ്‌ലാൽ – പേജ് 34
ഷേർലി മണലിൽ – പേജ് 35
അച്യുത് എ. രാജീവ് – പേജ് 36
താന്നിപ്പാടം ശശനി – പേജ് 37
ഷബ്ന അബൂബക്കർ – പേജ് 38
വി.ജി.മുകുന്ദൻ – പേജ് 39
കല്ലൂർ ഈശ്വരൻ പോറ്റി – പേജ് 40

### ഗോത്രകവിത

ബിന്ദു ഇരുളം – പേജ് 26

# നവതി പൂർണിമയിൽ സി.എൽ.ജോസ്



**സ്വന്തം ലേഖകൻ**

ജനപ്രിയ നാടകങ്ങളുടെ രചയിതാവ് സി.എൽ.ജോസ് നവതിയുടെ പൂർണിമയിൽ. 2022 ഏപ്രിൽ നാലിന് തൊണ്ണൂറിന്റെ ചെറുപ്പം കൈയാളുകയാണ് ഈ നാടകാചാര്യൻ. പത്തൊൻപതിന്റെ ഊർജം തനിക്ക് അന്യമായിട്ടില്ല എന്ന ദേഹഭാഷ്യം കാണാനാകും ഇന്നും അദ്ദേഹത്തിന്റെ സന്ദർശകർക്ക്. മനസിലും ചെറുപ്പം പതിപ്പിക്കുന്നതിൽ ശ്രദ്ധാലുവത്രേ കാലം സമ്മാനിച്ച ഈ അതുല്യ പ്രതിഭ.

ചക്കാലക്കൽ ലോനപ്പൻ ജോസ് എന്ന സി. എൽ ജോസ് മലയാള സാഹിത്യത്തിൽ സവിശേഷ സ്ഥാനമുള്ള നാടകകൃത്താണ്. ജനപ്രിയ മലയാള നാടകവേദിയുടെ തുടക്കക്കാരിലൊരാളും കേരള സംഗീത നാടക അക്കാദമിയുടെ മുൻ ചെയർമാനുമായ സി. എൽ. ജോസിന്റേതായി നൂറിലേറെ രചനകൾ കൈരളിക്കു ലഭിച്ചിട്ടുണ്ട്. 36 നാടകങ്ങൾ, 75 ഏകാംഗ നാടകങ്ങൾ, ആത്മകഥയായ ഓർമകൾക്ക് ഉറക്കമില്ല എന്നീ ഗ്രന്ഥങ്ങളുടെ രചയിതാവാണ് അദ്ദേഹം.

തൃശ്ശൂർ ജില്ലയിലെ പുതുക്കാട് ചക്കാലയ്ക്കൽ ലോനപ്പന്റെയും മാഞ്ഞാലി മറിയക്കുട്ടിയുടെയും ഒമ്പത് മക്കളിൽ മൂത്തവനാണ് സി. എൽ ജോസ്. തൃശ്ശൂരിലെ ഒരു ചിറ്റ് ഫണ്ട് കമ്പനിയിൽ ക്ലർക്കായി ജോലി ചെയ്തിട്ടുണ്ട്.

ഒരു പ്രാദേശിക ക്ലബ്ബിനായി 'മാനം തെളിഞ്ഞു' എന്ന നാടകമെഴുതിയാണ് ജോസ് സാഹിത്യജീവിതം ആരംഭിച്ചത്. അന്ന് അദ്ദേഹത്തിന് 24 വയസ്സായിരുന്നു. ഓർമ്മകൾക്ക് ഉറക്കമില്ല എന്ന ആത്മകഥയിൽ അദ്ദേഹം തന്റെ ജീവിതത്തിന്റെ പല ഘട്ടങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അമചർ തിയേറ്ററുകളിൽ അദ്ദേഹത്തിന്റെ നാടകങ്ങൾക്ക് ഏറെ പ്രിയമുണ്ടായിരുന്നു.

മണൽക്കാട് എന്ന നാടകം 14 ഇന്ത്യൻ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. നാടക വാരത്തിന്റെ ഭാഗമായി ആകാശവാണിയിലൂടെ ഈ നാടകം പ്രക്ഷേപണം ചെയ്തു. പിന്നീട് കെ. എസ് സേതുമാധവന്റെ അറിയാത്ത വീഥികൾ എന്ന ചലച്ചിത്രമായി ഈ നാടകം. അദ്ദേഹത്തിന്റെ രണ്ട് നാടകങ്ങൾ കൂടി സിനിമകളാക്കിയിട്ടുണ്ട്. ഭൂമിയിലെ മാലാഖയും അഗ്നിനക്ഷത്രവും.

അഗ്നിനക്ഷത്രത്തിന് മികച്ച ചലച്ചിത്ര കഥയ്ക്കുള്ള മദ്രാസ് ഫിലിം ഫാൻസ് അസോസിയേഷൻ അവാർഡ് ലഭിച്ചു. 1978 ൽ ജ്വലനത്തിന് മികച്ച നാടകത്തിനുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. കേരള സംഗീത നാടക അക്കാദമി അവാർഡും ലഭിച്ചിട്ടുണ്ട്. 2012-ലാണ് കേരള സംഗീത നാടക അക്കാദമി ചെയർമാനായത്. നാല് വർഷത്തിന് ശേഷം, 2016-ൽ കേരള സർക്കാരിന്റെ നാടകവേദിയുടെ പരമോന്നത അവാർഡായ എസ്. എൽ. പുരം സദാനന്ദൻ പുരസ്കാരവും കേരള സാഹിത്യ അക്കാദമിയുടെ 2017 ലെ സമഗ്ര സംഭാവനയ്ക്കുള്ള അവാർഡും നൽകി അദ്ദേഹത്തെ ആദരിക്കുകയുണ്ടായി.

# ഗന്ധകശാല മണമുള്ള കൊച്ചാച്ചൻ*



കാണാൻ തുടങ്ങിയ കാലംമുതൽ
ഉമ്മറത്തിന്റെ ഭാഗമോ ജീവനോ ആണ് കൊച്ചാച്ചൻ.
വീടിന്റെ മുന്നിലുള്ള വയലിലേയ്ക്കും,
വന്നുപെടുന്നവരുടെ ഉള്ളിലേയ്ക്കും
ഉമ്മറം കിടന്നകിടപ്പിൽ നോക്കും.
ആ നോട്ടത്തിന് ചിലപ്പോൾ
ഒന്നിലധികം അർത്ഥങ്ങളുണ്ടെന്നു തോന്നും

കൊച്ചാച്ചന്റെ വീട്ടിലേക്കുള്ള വരവുകൾക്ക്
ഗന്ധകശാലാ മണമായിരുന്നു.
കതിരേന്ന് വിടാത്ത
ഗന്ധകശാലയുടെ നിറമായിരുന്നു.
തീവിരൽച്ചൂടിൽ
നെല്ല് പൂക്കുമായിരുന്നു.
പുൽത്തണ്ടിൽ കതിരു നിറയുന്ന
പാൽമണമായിരുന്നു ചുറ്റും.
കത്തുന്ന പകൽ
പുഴുങ്ങിക്കുത്തി അയാൾ കുഞ്ഞുങ്ങളെ നിറച്ചും ഊട്ടും.
എന്നിട്ടും എങ്ങനെയോ
നെല്ലു പാറ്റിക്കൊഴിക്കുമ്പോൾ
വീശിക്കളയുന്ന
പൊടിയോ പൊട്ടോപോലെ പലരിൽനിന്നുമയാൾ പാറിപ്പോയി.

കപ്പലുമാവിന്റ എകരംവളഞ്ഞ കൊമ്പിൽ
നിന്നിരിഞ്ഞുവീണ നാൾമുതൽ
കൊച്ചാച്ചനും ജീവിതവും അങ്ങനെയായി.
ഒന്നിലും കൂട്ടിമുട്ടാതെ
വേറെവേറെയായി.

ജന്മത്താലും നടപ്പിനാലും
ചിന്തയാലുമല്ലാതെ
ഒന്ന് കുതിക്കണമെന്ന് ആ കിടപ്പില് തോന്നി.

ലായത്തിലുറപ്പിച്ച ആണി
പൊട്ടിച്ചെറിയാനുള്ള ശ്രമത്തിൽ
പെട്ടെന്നെങ്ങാനും ഒരു കുതിര പിറന്നാലോ?

ഒരാളിലേയ്ക്കും ചുരുണ്ടുപോവാത്ത കറ്റകൾ
ചവിട്ടിമെതിച്ച് കൊച്ചാച്ചന്റെ കുതിരകൾ
ഉമ്മറവും കടന്ന് കുതിച്ചേക്കാം

അത്രയിടങ്ങളിൽ പൂത്തു മലർന്ന്
അതേ ഗന്ധകശാലമണം
അന്നത്തെപോലെ..!



സ്റ്റെല്ല മാത്യു

---

*വയനാട് മേഖലയിൽ കൃഷി ചെയ്യുന്ന ഒരു പരമ്പരാഗത സുഗന്ധ നെല്ലിനമാണ് ഗന്ധകശാല.

കഥ

# പ്രണയത്തെ പ്രണയിച്ച പെൺകുട്ടി



പ്രണയത്തെക്കുറിച്ചു മാത്രം കവിതകൾ എഴുതിയിരുന്ന ആ പെൺകുട്ടിയെ നിങ്ങൾക്കോർമ്മയില്ലേ?

കൺകളിൽ ആഴക്കടലിന്റെ നിലയില്ലാ കിനാക്കളും കാതുകളിൽ താഴ്വരകൾ മറന്നിട്ട കാറ്റിൻ കുപ്പിവള കിലുക്കവുമായി ജാലകപ്പടിയിൽ കൈവിരൽച്ചിത്രം വരയ്ക്കുന്ന, എഴുതാൻ മറന്ന കവിതപോലുള്ളൊരാ പെൺകുട്ടിയെ നിങ്ങൾക്കോർമ്മയില്ലേ?

പാദങ്ങളിൽ ആരോ ഉപേക്ഷിച്ച മയിൽപ്പീലിക്കഷ്ണത്തിൻ നൊമ്പരപ്പാടുകൾ പേറിയ, നെഞ്ചിൽ ഒരു വസന്തത്തിൻ ശലഭക്കാറ്റിട്ടിട്ടുപോയ തൂവൽപ്പൊഴിയുന്ന കിളിക്കൂടുമായ്, ആളൊഴിഞ്ഞ കടൽക്കരയിൽ ചോരച്ചായം കോരിക്കുടിച്ച മുഖവുമായുള്ളൊരാ പെൺകുട്ടിയെ നിങ്ങൾക്കോർമ്മയില്ലേ?

പ്രണയത്തിൻ നീലക്കുപ്പായത്തിൽ മഞ്ചാടിക്കുരു കോർത്തൊരു വറ്റാത്ത സ്വപ്നം തുന്നിപ്പിടിപ്പിച്ച, ആകാശച്ചെരുവിൽ മഴമേഘത്തുമ്പികൾക്കൊപ്പം കനവിൻ തോണിയിലൂടൊഴുകി താരകക്കവിളിൽ തഴുകിയ, പ്രണയത്തെ മാത്രം പ്രണയിച്ചൊരാ പെൺകുട്ടിയെ നിങ്ങൾക്കോർമ്മയില്ലേ?

അവളിന്നലെ ഒരാളോടൊപ്പം പടിയിറങ്ങിപ്പോയി!
പ്രണയിക്കാൻ മറന്നുപോയ ഒരാളോടൊപ്പം!



**എ. കെ. അനിൽകുമാർ**

കവിത

# പമ്പരം



നേരെയേത് പതിരേത്
കളയേത് വിളയേത്
വിതയേത് കതിരേത്

ചിന്തയുടെ നൂൽപ്പാലത്തിൽ
ജീവിതം വേതാള ചോദ്യമുതിർക്കുന്നു
ചുമലിലേറ്റി ഉത്തരം തിരഞ്ഞു ഞാനും

ആദിയുമന്തവും ഒരു വെളിപ്പാട് ദൂരെ
നിന്നും നോക്കി ചിരിച്ചിട്ടും
വേർത്തിരിക്കാനാകാത്ത
നൊമ്പരമീ ജീവിതയാത്ര

ആരോയെറിഞ്ഞ ഞാണിൽ
തിരിയും പമ്പരം



**ബൈജു റാഫേൽ ആലുവ**



# ലങ്കാ ദഹനവും കെ കണ്ണീരും



ഫ്രാങ്കോ ലൂയിസ്

**ഭീമമായ വിദേശവായ്പയും വിദേശനാണ്യ കമ്മിയും മൂലമാണു ശ്രീലങ്ക തകർന്നുപോയത്. രൂപയുടെ മൂല്യം കുറച്ചതോടെ വിലക്കയറ്റം പിടിവിട്ടുപോയി. ഒരു കിലോ അരിയുടെ വില 450 രൂപയായി.**

**അ**യൽ രാജ്യമായ ശ്രീലങ്കയിൽനിന്ന് അഭയാർത്ഥി പ്രവാഹം. കേരള, തമിഴുനാട് തീരങ്ങളിലേക്ക് ശ്രീലങ്കൻ അഭയാർഥികൾ കൂട്ടത്തോടെ എത്താൻ സാധ്യത. ഏതാനും പേർ ഇതിനകം എത്തിക്കഴിഞ്ഞു. വള്ളങ്ങളിലും ബോട്ടുകളിലുമായാണ് ഇവരെത്തുന്നത്. കൊടും ദാരിദ്ര്യംമൂലം പട്ടിണികിടന്നു മരിക്കാതിരിക്കാനാണ് ശ്രീലങ്കക്കാർ ജീവൻ പണയംവച്ചും പലായനം ചെയ്യുന്നത്. ഏറ്റവും അരികിലുള്ള രാജ്യമായ ഇന്ത്യയിലെ തമിഴ്നാട്, കേരള തീരങ്ങളിലേക്കാണ് അവരെത്തുന്നത്.

ഭീമമായ വിദേശവായ്പയും വിദേശനാണ്യ കമ്മിയും മൂലമാണു ശ്രീലങ്ക തകർ

ന്നുപോയത്. രൂപയുടെ മൂല്യം കുറച്ചതോടെ വിലക്കയറ്റം പിടിവിട്ടുപോയി. ഒരു കിലോ അരിയുടെ വില 450 രൂപയായി.

മിക്ക ഇനങ്ങളുടേയും ഇറക്കുമതി നിരോധിച്ചു. പെട്രോൾ, ഡീസൽ ഇറക്കുമതിപോലും നാമമാത്രമാക്കി.

അവശ്യസാധനങ്ങൾക്കു മാത്രമല്ല കടലാസിനും അച്ചടിമഷിക്കുമെല്ലാം ക്ഷാമം. ഇതുമൂലം സ്കൂളുകളിൽ പരീക്ഷകൾ നടത്തുന്നില്ല. ചോദ്യപ്പേപ്പറിനുള്ള കടലാസും മഷിയും ഇല്ലാത്തതാണു കാരണം. ചില പഴങ്ങളും പാലും അടക്കമുള്ളവയുടെ ഇറക്കുമതി നിരോധിച്ചു. കാറുകൾ, ഫ്ളോർ ടൈലുകൾ അടക്കമുള്ളവയുടെ ഇറക്കുമതി നേരത്തേ നിരോധിച്ചിരുന്നു. ഏറ്റവുമൊടുവിൽ അവശ്യവസ്തുക്കളുടെ ഇറക്കുമതി നിരോധിച്ചതോടെ ഭക്ഷ്യക്ഷാമമായി. വൈദ്യുതനിലയങ്ങൾ അടച്ചുപൂട്ടിയതോടെ മണിക്കൂറുകൾ നീളുന്ന പവർകട്ട്. പെട്രോളിനും മണ്ണെണ്ണയ്ക്കും ഭക്ഷണത്തിനുമെല്ലാം നാലഞ്ചു മണിക്കൂർ വരിനിന്ന് കുഴഞ്ഞുവീണു മരിച്ചവരുമുണ്ട്.

പ്രസിഡന്റ് ഗോട്ടബയ രാജപക്സക്കെതിരെ പ്രതിപക്ഷപാർട്ടിയായ യുണൈറ്റഡ് പീപ്പിൾസ് ഫോഴ്സിന്റെ നേതൃത്വത്തിൽ കടുത്ത പ്രതിഷേധമാണ്. പ്രതിപക്ഷനേതാവ് സജിത് പ്രേമദാസയാണ് പ്രക്ഷോഭത്തിനു മുന്നിൽ.

ശ്രീലങ്കയെ ഇങ്ങനെയൊരു പതനത്തിലേക്കു നയിച്ചത് പത്തു പതിനഞ്ചു വർഷമായുള്ള സാമ്പത്തിക നയങ്ങളാണ്. തമിഴ് പുലികളുടെ ആക്രമണങ്ങളിൽ തകർന്ന ശ്രീലങ്കയെ പുനരുദ്ധരിക്കുന്നതിന് 12 വർഷമായി ലോകരാജ്യങ്ങളിൽനിന്ന് കോടിക്കണക്കിനു രൂപയാണ് വായ്പയെടുത്തത്. അങ്ങനെ റോഡും പാലങ്ങളും പണിതു. ശ്രീലങ്കയുടെ പ്രധാന വരുമാനം വിനോദസഞ്ചാരമാണ്. രണ്ടു വർഷം കോവിഡ് ബാധിച്ച് ലോകം അടച്ചുപൂട്ടിയതോടെ വിനോദ സഞ്ചാരികൾ വരാതായി. അതോടെ വരുമാനവും തൊഴിലും ഇല്ലാതായി. വിദേശനാണ്യ ശേഖരവും നിലംപരിശായി. വ്യാപാരക്കമ്മി കുമിഞ്ഞുകൂടി. സാമ്പത്തിക പ്രതിസന്ധി രൂക്ഷമായി.




കുറച്ചുകൂടി വ്യക്തമായ കണക്കുകൾ ഇങ്ങനെയാണ്. 2.20 കോടി ജനങ്ങളുള്ള ശ്രീലങ്കയുടെ ജിഡിപി 8,070 കോടി ഡോളറാണ്. ജിഡിപി വളർച്ച മൈനസ് 1.30 ശതമാനം. ബജറ്റിന്റെ ഇരട്ടിയോളമാണ് ചെലവ്. വിദേശ കടബാധ്യത 5,111.70 കോടി ഡോളർ. വ്യാപാരക്കമ്മി മൈനസ് 10,850 ലക്ഷം ഡോളർ. 2021- 22 ൽ 960 കോടി ഡോളർ വിദേശവായ്പ തിരിച്ചടയ്ക്കേണ്ടതായിരുന്നു. പണമില്ലാത്തതിനാൽ അടച്ചില്ല. ഈയിടെ ഇന്ത്യ ശ്രീലങ്കയ്ക്കു നൂറു കോടി ഡോളർ വായ്പ നൽകിയിരുന്നു.

വികസനത്തിനെന്ന പേരിൽ ഭരണാധികാരികൾ വിദേശവായ്പ വാരിക്കൂട്ടിയതിന്റെ കണ്ണീരു കുടിക്കുന്നതു രാജ്യത്തെ മുഴുവൻ ജനങ്ങളാണ്. പട്ടിണി മരണത്തിൽനിന്നു രക്ഷപ്പെടാൻ രാജ്യം വിട്ടോടേണ്ട ദുരവസ്ഥ. ജീവനുതുല്യം സ്നേഹിക്കുന്ന വീടും നാ

ടും വിട്ടുള്ള പലായനം.

## കെ വിലാപം

കേരളത്തിൽ ഇപ്പോൾ കെ വിലാപമാണ്. കെ റെയിലിൽ കുടിയിറക്കപ്പെടുന്നവരുടെ വിലാപം. ജീവിതകാലം മുഴുവൻ അധ്വാനിച്ചുണ്ടാക്കിയ വീടും പുരയിടവും നഷ്ടപ്പെട്ട് വഴിയാധാരമാകുന്നവരുടെ നിലവിളി. ഈ നിലവിളിയെ മുതലെടുത്തു പ്രക്ഷോഭവുമായി യുഡിഎഫും ബിജെപിയും രംഗത്തുണ്ട്.

ആരെല്ലാം വിലപിച്ചാലും ഈ പദ്ധതി ഭരണകൂടം നടപ്പാക്കുകതന്നെ ചെയ്യും. അത്രയും നിശ്ചയദാർഢ്യത്തോടെയാണ് എൽഡിഎഫ് സർക്കാർ മുന്നോട്ടു പോകുന്നത്. മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രി നരേന്ദ്രമോദി അടക്കമുള്ളവരുമായി കൂടിക്കാഴ്ച നടത്തി കേന്ദ്രാനുമതികളെല്ലാം ഒരുക്കിയെടുത്തു വരികയാണ്. സ്ഥലം വിട്ടുകൊടുക്കുന്നവർക്കു നല്ല നഷ്ടപരിഹാരവും ജീവനോപാധിയും നൽകുമെന്നാണ് മുഖ്യമന്ത്രി ആവർത്തിച്ചു വാഗ്ദാനം നൽകുന്നത്.

മുഖ്യമന്ത്രിയുടെ വാക്കുകളിൽ കുടിയിറക്കപ്പെടുന്നവർക്ക് അത്ര വിശ്വാസം പോരാ. കിടപ്പാടം നഷ്ടമാകുന്നവരും വ്യാപാര സ്ഥാപനങ്ങൾ പൊളിച്ചുനീക്കുന്നതിലൂടെ ജീവനോപാധി ഇല്ലാതാകുന്നവരുമെല്ലാം കണ്ണീരുമായി തെരുവിലിറങ്ങിയിരിക്കുകയാണ്. പുരയിടങ്ങളിൽ അതിക്രമിച്ചു കയറി നിറതോക്കേന്തിയ പോലീസും അധികാരഗർവുള്ള ഉദ്യോഗസ്ഥരും കെ റെയിൽ സർവേക്കല്ലുകൾ നാട്ടുന്നു. ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടവർ വീടു കൈയേറി കുറ്റിയടിക്കുന്ന കാഴ്ച. റഷ്യൻ പട്ടാളത്തിന്റെ അധിനിവേശത്തെ ചെറുക്കാൻ ശ്രമിക്കുന്ന യുക്രെയിൻ ജനതയേപ്പോലെ പോരാട്ടത്തിനിറങ്ങിയ ജനങ്ങളുടെ കണ്ണീരു കലാപമായി മാറുന്ന അവസ്ഥ.



നാട്ടിൽ വികസനം അനിവാര്യംതന്നെ. ഗതാഗതം പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ തീർച്ചയായും വേണം. അതിവേഗം യാത്ര ചെയ്യാൻ സാധ്യമാക്കുന്ന കെ റെയിലോ വിമാന സർവീസുകളോ ആകാം. പക്ഷേ കേരളത്തിലെ ലക്ഷത്തിലേറെ കുടുംബങ്ങൾ വഴിയാധാരമാകുന്ന പദ്ധതി നടപ്പാക്കുമ്പോൾ കരുതലുണ്ടാകണം. വലിയൊരു ജനവിഭാഗത്തിന്റെ കിടപ്പാടം മാത്രമല്ല, ചെറുകിട വ്യാപാര സ്ഥാപനങ്ങൾ തകർത്ത് ജീവനോപാധിയും ഇല്ലാതാക്കുകയാണ്.

കെ റെയിലിന്റെ സാമൂഹികാഘാത പഠനത്തിനാണ് കല്ലിടൽ നടക്കുന്നതെന്നാണ് സർക്കാർ പറയുന്നത്. കാസർകോടു മുതൽ തിരുവനന്തപുരം വരെ 530 കിലോമീറ്റർ പാത ഒരുക്കാൻ 3,416 ഏക്കർ (1383 ഹെക്ടർ) ഭൂമി ഏറ്റെടുക്കണം. പതിനഞ്ചു മുതൽ 25 വരെ മീറ്റർ വീതിയിലാണ് സ്ഥലം ഏറ്റെടുക്കുന്നത്. ഇതിനുള്ള സാമൂഹിക, പാരിസ്ഥിതിക ആഘാത പഠനത്തിനാണു സർവേക്കല്ല് സ്ഥാപിക്കുന്നതെന്നാണ് കെ റെയിൽ അധികാരികൾ പറയുന്നത്. സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ പിന്നീടേ ഉണ്ടാകൂവത്രേ. ഇപ്പോൾ സ്ഥാപിക്കുന്ന കല്ലുകൾ പഠനശേഷം മാറ്റാനും സാധ്യതയുണ്ടെന്നും കെ റെയിൽ അധികൃതർ പറയുന്നു.

എന്നാൽ, കെ റെയിലിനായി അടയാളപ്പെടുത്തിയ സർവേ നമ്പരുകളിലെ ഭൂമിയിൽ ക്രയവിക്രയങ്ങൾ നിരോധിച്ചു കഴിഞ്ഞു. ഭൂമി പണയപ്പെടുത്തി വായ്പയെടുക്കാൻ കഴിയില്ല. വില്ലേജ് രേഖകളിൽ ഈ ഭൂമി കെ റെയിലിന്റെ ഭൂമിയായി. ഈ സർവേ നമ്പരുകളിലുള്ള ഭൂമിയിൽ നിർമാണ പ്രവർത്തനങ്ങൾ അനുവദിക്കില്ല. കെ റെയിൽ പദ്ധതി വരുന്നതിനു മുമ്പേ നിർമാണം തുടങ്ങിയ വീടുകൾക്കു പെർമിറ്റോ വീട്ടു നമ്പരോ നൽകുന്നില്ല. എന്നു മാത്രമല്ല, കെ റെയിലിനായി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ഇരുവശത്തും പത്തു മീറ്റർ വീതിയിൽ നിർമാണ പ്രവർത്തനങ്ങൾ അനുവദിക്കില്ലെന്ന് കെ റെയിലിന്റെ ഡിപിആറിൽ

പറയുന്നു. മുപ്പതു മീറ്റർ വീതിയിൽ ബഫർ സോണായി പ്രഖ്യാപിക്കണമെന്നാണു കേന്ദ്ര നിയമം. എന്നാൽ കെ റെയിലിന് പത്തു മീറ്റർ മതിയെന്നാണ് ഡിപിആറിൽ പറയുന്നത്. ഇരുവശത്തുമായി 20 മീറ്റർ വരുന്ന ബഫർ സോൺ ഏറ്റെടുക്കാത്തതിനാൽ നഷ്ടപരിഹാരം ഇല്ല. ഏറ്റെടുക്കുന്ന 25 മീറ്ററും ഏറ്റെടുക്കാത്ത ഇരുവശത്തെ പത്തു മീറ്റർ ബഫർ സോണും അടക്കം ഫലത്തിൽ 45 മീറ്റർ നഷ്ടപ്പെടുന്നതിന്റെ ആഘാതത്തിലാണ് ഓരോ കുടുംബവും.

നാലിരട്ടി വില നൽകുമെന്നാണ് മുഖ്യമന്ത്രി പിണറായി വിജയൻ വാഗ്ദാനം ചെയ്യുന്നത്. ഗ്രാമങ്ങളിൽ മാത്രമാണ് നാലിരട്ടി വില. ഗ്രാമങ്ങളില്ലാത്ത കേരളത്തിൽ ഈ വാഗ്ദാനം വെറും പാഴ് വാക്കാണ്. ഭൂമിയുടെ വില, കെട്ടിട നിർമാണത്തിന്റെ ഭീമമായ ചെലവ് എന്നിവ എങ്ങനെ കണ്ടെത്തും. ജീവിതത്തിലെ എല്ലാ സമ്പാദ്യങ്ങളും ചെലവിട്ടും വായ്പയെടുത്തും ഒരുക്കി വഴിയാധാരമാകുന്നവരുടെ മാനസിക സംഘർഷം വിവരണാതീതമാണ്.

കെ റെയിലിന്റെ വെബ് സൈറ്റിൽ പരസ്പര വിരുദ്ധമായ വിവരങ്ങളാണ് ഇപ്പോഴുമുള്ളത്. അലൈൻമെന്റിലും സർവേ നമ്പരുകളിലുമെല്ലാം ആശയക്കുഴപ്പമുണ്ട്. നേരത്തെ പ്രസിദ്ധീകരിച്ച അലൈൻമെന്റു മാറ്റി. പഴയ സർവേ നമ്പരുകൾ പ്രസിദ്ധീകരിച്ചതും ആശയക്കുഴപ്പമുണ്ടാക്കുന്നു.

പാതയുടെ 137 കിലോമീറ്റർ തൂണുകളിലാണു സ്ഥാപിക്കുകയെന്ന് കെ റെയിൽ വെബ് സൈറ്റിലെ ഒരിടത്തു പറയുന്നു. എന്നാൽ 88.41 കിലോമീറ്റർ തൂണുകളിലൂടെ പാത നിർമിക്കുമെന്നു മറ്റൊരിടത്തു പറയുന്നു. 11.52 കിലോമീറ്റർ തുരങ്കങ്ങളിലൂടേയും 12.99 കിലോമീറ്റർ പാലങ്ങളിലൂടെയുമാണ് പാത പോകുന്നത്. വയലുകളിലൂടെ 292.72 കിലോമീറ്റർ. കുന്നിടിച്ചും താഴന്ന പ്രദേശങ്ങൾ ഉയർത്തിയും നിരപ്പാക്കിയുള്ള കട്ടിംഗിലൂടെ 101.73 കിലോമീറ്റർ.

പാതയ്ക്ക് ഇരുവശത്തും വേലികെട്ടും. 160 മുതൽ 200 വരെ കിലോമീറ്റർ വേഗത്തിൽ കുതിക്കുന്ന ട്രെയിനിനു മുന്നിൽ വളർത്തു മൃഗങ്ങളോ മനുഷ്യരോ വന്നുപെട്ട് അപകടമുണ്ടാകാതിരിക്കാൻ ഇത് അനിവാര്യമാണ്. വേലി നിർമിക്കുന്നതോടെ ഓരോ പ്രദേശവും രണ്ടായി വിഭജിക്കപ്പെടും. മറുവശത്തേക്കു പ്രവേശിക്കാൻ കിലോമീറ്ററുകളോളം യാത്ര ചെയ്യേണ്ടിവരും. നിലവിലുള്ള റോഡുകൾ ഉപയോഗിക്കാനും പാത മുറിച്ചുകടക്കാനും അര കിലോമീറ്റർ ഇടവിട്ട് അടിപ്പാതകളോ മേൽപാലങ്ങളോ നിർമിക്കുമെന്നു കെ റെയിൽ വെബ് സൈറ്റിൽ പറയുന്നുണ്ട്.

പദ്ധതിയുടെ നിർമാണ ചെലവ് 63,940.67 കോടി രൂപ. ഇതിൽ 6,085 കോടി രൂപ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ നികുതി വിഹിതമാണ്. ബാക്കി 56,881 കോടി രൂപ അഞ്ചു വർഷംകൊണ്ടാണ് ചെലവാക്കുക. 20 വർഷംകൊണ്ട് തിരിച്ചടയ്ക്കാവുന്ന രാജ്യാന്തര വായ്പാ സൗകര്യങ്ങളുണ്ട്. എഡിബി ഒന്നര ശതമാനമാണു പലിശ ഈടാക്കുന്നത്. വിദേശ സംരംഭകരുടെ നിക്ഷേപവും സ്വീകരിക്കും. ഇങ്ങനെയൊക്കെയാണ് അവകാശവാദമെങ്കിലും ലക്ഷം കോടി രൂപയെങ്കിലും ചെലവാക്കേണ്ടിവരും. 75,000 കോടി രൂപയെങ്കിലും വായ്പയെടുക്കേണ്ടിവരും. മൂന്നര കോടി ജനങ്ങളുള്ള കേരളത്തിനു മൂന്നേകാൽ ലക്ഷം കോടി രൂപയുടെ കടബാധ്യത ഇപ്പോൾതന്നെയുണ്ട്. കെ റെയിൽ വരുന്നതോടെ സംസ്ഥാനത്തിന്റെ കടബാധ്യത നാലു ലക്ഷം കോടി രൂപ കവിയും.

വിദേശ കടബാധ്യത തിടമ്പേറ്റുമ്പോൾ ശ്രീലങ്ക ഇപ്പോൾ അനുഭവിക്കുന്ന തകർച്ചാ ചരിത്രത്തിലേക്ക് ഒന്നു തിരിഞ്ഞു നോക്കുന്നതു നല്ലതാണ്. ബജറ്റ് വരവിന്റെ ഇരട്ടി ചെലവാക്കുകയും ശമ്പളം നൽകാൻപോലും വായ്പയെടുക്കുകയും ചെയ്യുന്നവർക്ക് അതൊരു പാഠമാണ്. എന്തൊക്കെയായാലും കെ റെയിൽ ഒരു അധിനിവേശമാകാതിരിക്കട്ടെ. അതൊരു വികസന പാതയാകട്ടെ.

## വാഹനം, കുട വിലകൂടും

ഈ മാസത്തോടെ വാഹനങ്ങൾക്കും കുടയ്ക്കും ഭൂമിക്കും വിലകൂടും. വാഹനങ്ങളുടെ വിലയും നികുതിയും ഇൻഷ്വറൻസും വർധിക്കും. പെട്രോൾ, ഡീസൽ വില അനുദിനം വർധിപ്പിക്കുന്നുണ്ട്.

വാഹനങ്ങളുടെ വില കമ്പനികൾതന്നെയാണ് വർധിക്കുന്നത്. അയ്യായിരം മുതൽ 25,000 വരെ രൂപയുടെ വർധനയുണ്ടാകും. ഇതിനു പുറമേ, കേരളത്തിൽ നികുതി വർധനയുമുണ്ട്. സാധാരണക്കാർ ഉപയോഗിക്കുന്ന രണ്ടു ലക്ഷം രൂപ വരെയുള്ള മോട്ടോർ വാഹനങ്ങളുടെ ഒറ്റത്തവണ നികുതി ഒരു ശതമാനം കൂട്ടി. പഴയ വാഹനങ്ങളുടെ ഹരിതനികുതി 50 ശതമാനം കൂട്ടി. മോ

ട്ടോർ സൈക്കിളുകൾ ഒഴികെയുള്ള വാഹനങ്ങളുടെ ഹരിതനികുതിയും വർധിപ്പിച്ചിട്ടുണ്ട്.

വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം 21 ശതമാനംവരെ വർധിക്കും. തേഡ് പാർട്ടി ഇൻഷ്വറൻസിനും വർധനയുണ്ട്. ആയിരം സിസി കാറിന് 2072 രൂപയിൽനിന്ന് 2094





രൂപയാകും. ആയിരം മുതൽ 1500 വരെയുള്ളവയ്ക്ക് 3,221 രൂപയിൽനിന്ന് 3,416 രൂപയാകും. 75 സിസി ഇരുചക്ര വാഹനങ്ങൾക്ക് 482 രൂപയിൽനിന്ന് 538 രൂപയായി വർധിക്കും. എന്നാൽ കൂടുതൽ പേർ ഉപയോഗിക്കുന്ന 75 മുതൽ 150 സിസി വരെയുള്ളവയ്ക്ക് നിരക്ക് അൽപം കുറയും. 752 രൂപയിൽനിന്ന് 714 രൂപയാകും. 150 മുതൽ 350 വരെ സിസി ബൈക്കുകൾക്ക് 1,193 രൂപയിൽനിന്ന് 1,366 രൂപയാകും. 350 സിസിക്കു മുകളിലുള്ളവയ്ക്ക് 2,323 രൂപയിൽനിന്ന് 2,804 രൂപയാകും.

വാഹനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കാനുള്ള നിരക്ക് കേന്ദ്ര സർക്കാർ ഏപ്രിൽ ഒന്നുമുതൽ ഭീമമായി വർധിപ്പിച്ചു. മോട്ടോർ സൈക്കളിനു മുന്നൂറു രൂപയിൽനിന്ന് ആയിരം രൂപയാക്കി. മുച്ചക്ര വാഹനങ്ങൾക്ക് 600 രൂപയിൽനിന്ന് 2,500 രൂപയാക്കി. കാറിന് 600 രൂപയിൽനിന്ന് അയ്യായിരം രൂപയാക്കി. ഇറക്കുമതി ചെയ്ത ബൈക്കിന് പതിനായിരം രൂപയാണ്. ഇറക്കുമതി ചെയ്ത കാറിന് അയ്യായിരം രൂപയിൽനിന്ന് നാൽപതിനായിരം രൂപയാക്കി വർധിപ്പിച്ചു.

സംസ്ഥാന സർക്കാർ ബജറ്റിൽ വർധിപ്പിച്ച ഭൂനികുതിയും പത്തു ശതമാനം വർധിപ്പിച്ച ഭൂമിയുടെ ന്യായവിലയും ഈ മാസം പ്രാബല്യത്തിലാകും.

കേന്ദ്ര ബജറ്റിലെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ വില കൂടുന്ന ഇനങ്ങൾ: കുടകൾക്ക് 20 ശതമാനം വില കൂടും. കുടയ്ക്കുണ്ടായിരുന്ന കസ്റ്റംസ് തീരുവയിലെ ഇളവ് വെട്ടിക്കുറച്ചു. ഇറക്കുമതി ടിവി അടക്കമുള്ള ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ, കാർഷികോപകരണങ്ങൾ, സോഡിയം സയനൈഡ്, എഥനോൾ ചേർക്കാത്ത പെട്രോൾ.

വില കുറയുന്നവ: തുണിത്തരങ്ങൾ, ഡയമണ്ട്, ജെം സ്റ്റോൺസ്, ഇമിറ്റേഷൻ ആഭരണങ്ങൾ, മൊബൈൽ ഫോൺ, മൊബൈൽ ഫോൺ ചാർജർ, അസറ്റിക് ആസിഡ്, മെഥനോൾ അടക്കമുള്ള രാസവസ്തുക്കൾ.

ഇതിനെല്ലാം പുറമേ, അവശ്യ മരുന്നുകളുടെ വില പത്തര ശതമാനം വർധിപ്പിക്കുന്നു. എണ്ണൂറ് ഇനം മരുന്നുകളുടെ വിലയാണ് ഇന്നു മുതൽ വർധിക്കുക. നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി ഓഫ് ഇന്ത്യയാണ് വിലവർധന പ്രഖ്യാപിച്ചത്.

# ഇമ്പോസിഷൻ



സെയ്തലവി വിളയൂർ



വെറും കയ്യോടെ
ക്ലാസിലെത്തിയാലും
വയറുകൾ ചിലപ്പോൾ നിറയാറുണ്ട്..

ഒരിക്കൽ മാത്രം
പ്രസവിച്ചിരുന്ന അക്ഷരങ്ങൾ
പിന്നെ പന്നിപ്പേറ് തുടങ്ങും..

അപ്പോൾ
ചുറുചുറുക്കോടെയിരുന്ന
നോട്ടുപുസ്തകങ്ങൾക്ക്
അകാല മരണം
സംഭവിച്ചു കൊണ്ടിരിക്കും..

ഒഴുകിപ്പരന്ന
പേനകളുടെ
കണ്ണീര് പോലും വറ്റിവരളും..

മറവിയും കൈ കുഴച്ചിലും
ഒഴിയാബാധയാവുമ്പോൾ
മറുമരുന്നായ്
വിരമിച്ച ചൂലുകളെ
ജോലിയിൽ തിരിച്ചെടുക്കേണ്ടി വരും..

ഉണർവുകൾ
അലസത മൂടിപ്പുതച്ച്
ഉറങ്ങുമ്പോഴാണ്
മടിയൻ മല ചുമക്കുന്നതും
തീരാ വരികൾ കൂട്ടിരിക്കുന്നതും..

നല്ലതെങ്കിലും
ആവർത്തിക്കപ്പെടുന്നത്
അനാവശ്യമാകുമ്പോഴാണ്
അത് ഇമ്പോസിഷനാകുന്നത്..



# പൂവ് കൊണ്ട് യുദ്ധം ചെയ്യുന്നവർ

പൂവ് കൊണ്ട് ആർക്കെങ്കിലും യുദ്ധം ചെയ്യാനാകുമോ?
പൂവ് കൊണ്ട് ആർക്കെങ്കിലും യുദ്ധം ജയിക്കാനാകുമോ?

ആയുധവുമായി വരുന്ന ശത്രുവിനു നേരെ പൂവ് നീട്ടുന്ന
യുദ്ധമുറ യെപറ്റി ഞാൻ ചിന്തിക്കുകയാണ്

വെടിവെച്ചു വീഴ്ത്തിയ ശത്രു മരിച്ചു കിടക്കുമ്പോഴും
തനിക്ക് നേരെ പൂവ് നീട്ടുന്നത് കാണുന്ന
സൈനികനേക്കാൾ പരാജിതനായി
ഈ ഭൂമിയിൽ ആരെങ്കിലുമു ണ്ടാകുമോ?

തീ ഗോളങ്ങൾ വിക്ഷേപിച്ചു കത്തിച്ച നഗരത്തിൽ നിന്ന്
പലായനം ചെയ്യുന്നവരുടെ കൈകളിൽ പൂക്കളും,
ചുണ്ടിൽ പുഞ്ചിരിയും
കണ്ടാൽ
തോറ്റു തലകുനിക്കാത്ത രാജാക്കന്മാരുണ്ടാകുമോ?



ഇന്നലെ വരെ തന്റേതെന്ന് കരുതിയതെല്ലാം നഷ്ടമായി
അഭയാർത്ഥികളാക്കപ്പെട്ടവർ
അടഞ്ഞ
രാജ്യാതിർത്തികൾക്കരികിൽ
ഒരു പൂന്തോട്ടമായി നിൽക്കുമ്പോൾ
ആ വസന്തത്തിലേക്ക്
രാജ്യങ്ങളുടെ വാതിലുകൾ എങ്ങനെ തുറക്കാതിരിക്കും!

പിടിച്ചടക്കിയതിന്റെ അവകാശത്തിൽ തന്നിലേക്ക്
അതിക്രമിച്ചു വരുന്ന ക്രൂരന്
പൂവ് നീട്ടുന്ന ഒരു പെണ്ണിനെ
ഇഷ്ടപ്പെടാൻ നിങ്ങൾക്കാകുന്നില്ല,

തങ്ങളുടെ സമാധാനത്തിന് മേൽ അഗ്നിവർഷിച്ചവർക്ക്
നേരെ പൂക്കൾ നീട്ടുന്ന ഒരു ജനതയെ
അംഗീകരിക്കാൻ നിങ്ങൾക്കാകുന്നില്ല,

എങ്കിലും ഞാൻ പൂവുകൾ കൊണ്ട്
യുദ്ധം ജയിക്കുന്നത് സ്വപ്നം കാണുന്നു

ബോംബുകൾക്ക് പകരം പൂവുകൾ വർഷിക്കുന്ന
അയൽ രാജ്യത്തെ യുദ്ധ വിമാനങ്ങളുടെ
ഇരമ്പത്തിന് കാതോർ ക്കുന്നു


അതിർത്തിയിൽ മുള്ളു വേലികൾക്ക് പകരം
പൂച്ചെടികൾ നട്ട്പിടിപ്പിച്ച രാജ്യങ്ങളുള്ള
ലോകം വരയ്ക്കാൻ ശ്രമിക്കുന്നു
നിറതോക്കിനു പകരം
പൂക്കൾ പിടിച്ച പട്ടാളക്കാരാണ്
ലോകം മുഴുവൻ

വെടി മരുന്ന് മണത്തിന് പകരം പൂമണം
സ്വപ്നം കാണാനുള്ള എന്റെ അവകാശമെങ്കിലും വകവെച്ചു തരൂ.



ബഷീർ മുളിവയൽ

# പാഠം ഒന്ന് വീടുവിചാരം



വീട് ഒന്ന്
*** *

വീടിനെക്കുറിച്ചോർത്ത്
നമ്മളെന്തിന്
ആകുലപ്പെടണം

ഭക്ഷണം ലഭിക്കുന്നതിനേക്കാളും
എളുപ്പമല്ലേ
വീട്.

മണ്ണ് കൊണ്ടോ
അഗ്നി കൊണ്ടോ
ജലം കൊണ്ടോ
പണിതു വെക്കുന്നവ

ഒന്നുമയങ്ങിക്കിടക്കേണ്ട
സമയമല്ലേ വേണ്ടൂ.
മേൽക്കൂര പണിതു തീരാൻ

വീട് രണ്ട്
****

സ്വന്തമായി
വീടില്ലാത്തവരോട്
നിങ്ങൾ മേൽവിലാസം
ചോദിക്കരുത് !

അവർ
ആകാശമെന്നു പറയും

സ്വപ്നലോകത്ത്
കണ്ണീർ കണങ്ങൾക്കൊണ്ട്
അവർ
പണിതവീടല്ലാതെ
മറ്റെന്താണ്
നക്ഷത്രങ്ങൾ



യഹിയാ മുഹമ്മദ്


# ആത്മഗതം



ജയപ്രകാശ് എറവ്

അധികാരിയ്ക്ക്
ഞാനും കൂട്ടാളികളും ചെയ്യുന്നതൊന്നും
ഇഷ്ടമല്ല.
അഗ്നിജ്വാലകൾ ആവാഹിച്ച്
മൂന്നാം കണ്ണ് തുറക്കും.
ഒച്ഛാനിച്ച് തലകുമ്പിട്ട് സാഷ്ടാംഗം
പ്രണമിച്ചാലും
ആരോപണ പെരുമഴ തോരാതെ,
അസഹ്യ വചനങ്ങൾ നിത്യവും.
ചെറ്റത്തരങ്ങൾക്ക്
കുട പിടിക്കുവോർ പലർ.
നട്ടുച്ചയെ രാവെന്ന് അധികാരി.
ശരിയെന്ന് കരുതുവോർ ,
തലകുലുക്കുന്നോർ ചുറ്റിലും.
തിരുവായ്ക്കെതിർ വാ -
ഇല്ലാത്തോർ നിറഞ്ഞാടും.

എല്ലാമെല്ലാം നല്ലത് നല്ലതെന്ന്
വാഴ്ത്തി
സ്വരം നന്നായിട്ടും
പാട്ട് നിറുത്തുവാൻ കൂട്ടാക്കത്തോർക്കൊപ്പം
തഴച്ച് തഴച്ച്
വീർത്ത് വീർത്ത്
ആകാശസീമകളിൽ മുത്തമിട്ട്
അധികാരി.
പിൻഗാമികൾ കൊഴുത്ത് കൊഴുത്ത്
പന്നിക്കൂട്ടങ്ങളായ് എച്ചിലുകൾക്കിടയിൽ.
ഞാനും കൂട്ടരും ആസന്നമൃതിയിലേക്ക്.
കീഴ്പ്പെടുത്തുവാനുള്ള പോരാട്ടവീര്യം
തിളച്ച് പൊങ്ങതെയല്ല -
പക നീറി നീറി കിടപ്പതാകിലും
പത്തി താനേ മടങ്ങുന്നത് ഭയം കൊണ്ട് തന്നെ...
കാത്ത് കാത്ത് കഴിയുവോർ
ഉറ്റവർ , ഉടയോർ
പിച്ചിച്ചീന്തി എറിയപ്പെടുമ്പോൾ
തിരിച്ചറിയാതെ, ചോരയിൽ മുങ്ങുമ്പോൾ
മാറി ചിന്തിക്കേണ്ടി വരും.
ഇതുവരെ പഠിച്ച പാഠങ്ങളിൽ
നിന്നൊന്ന് മാറി കൂടെയെന്ന്
ഉള്ളിൽ നിന്നാരോ പറയുന്ന പോലൊരു
തോന്നൽ ഇല്ലാതില്ല.






തേജശ്രീ

**കപ്പലണ്ടി കച്ചവടം ഒരു മോശം തൊഴിലല്ല. ഒട്ടനവധിയാളുകൾ ഈ ജോലിചെയ്തു ലഭിക്കുന്ന ചെറിയ വരുമാനം കരുതിവച്ച് നല്ലനിലയിൽ ജീവിക്കുന്നുണ്ട്. പലരും പറയുന്നതു കേൾക്കാം- ഞാൻ ഏറ്റവുമാദ്യം ചെയ്ത ജോലി കടൽത്തീരത്തെ കപ്പലണ്ടിക്കച്ചവടമായിരുന്നു എന്ന്! ഇതാ, പുതിയൊരു കപ്പലണ്ടിക്കാരനെ കാണൂ...**

# കണ്ണു മഞ്ഞളിക്കരുത്, വെള്ളിത്തിളക്കത്തിൽ!

**പെ**ട്ടെന്നുണ്ടായ മിന്നൽത്തിളക്കത്തിൽ അയാളൊന്നുലഞ്ഞു. വന്ന വഴി മറന്നു. താൻ ആരാണ് എന്ന ചിന്ത അയാളിൽനിന്നൊഴിഞ്ഞു. കപ്പലണ്ടിയുടെ തൊലി കാറ്റിൽപ്പറക്കുന്നതുപോലെ അയാളുടെ എളിമ നഷ്ടമായി. നിനച്ചിരിക്കാതെ കൈവന്ന പണവും പ്രശസ്തിയുമാണ് അയാളെ മാറ്റിമറിച്ചതെന്നു വ്യക്തം. പക്ഷേ ഇപ്പോഴയാൾ പഴയ അതേ കപ്പലണ്ടിക്കച്ചവടക്കാരനാണ്. താനൊരു പാവമാണ് എന്നയാൾ വീണ്ടും തിരിച്ചറിഞ്ഞുകഴിഞ്ഞു.

ഭുവൻ ബഡ്യാകർ എന്ന കപ്പലണ്ടിക്കാരനെ ഇപ്പോൾ പരിചയമില്ലാത്തവർ ചുരുക്കമാകും. നമ്മുടെ സ്വന്തം നാട്ടിലെ കവലയിൽ



കപ്പലണ്ടി വറുത്തു കച്ചവടം ചെയ്യുന്നയാളുടെ പേര് ഒരുപക്ഷേ അറിയില്ല. എന്നാലും ഭുവനെ അറിയും. അറിയുമെന്നല്ല, എന്നും കാണുന്നയാളെപ്പോലെ അടുപ്പവും തോന്നും. അതാണ് സോഷ്യൽ മീഡിയയുടെ ശക്തി.

ഭുവൻ എന്ന കപ്പലണ്ടിക്കാരനെക്കുറിച്ച് കേട്ടിട്ടില്ലാത്തവർക്കായി രണ്ടു വരി:

കൊൽക്കത്തയിൽനിന്ന് ഏതാണ്ട് 200 കിലോമീറ്റർ അകലെ ബിർഭും ഗ്രാമത്തിൽനിന്നാണ് ഭുവന്റെ വരവ്. തൊഴിൽ കപ്പലണ്ടി വില്പന. കൂടുതൽ പേരെക്കൊണ്ട് കപ്പലണ്ടി വാങ്ങിപ്പിക്കാനായി ഭുവൻ ബംഗാളിയിൽ ഒരു പാട്ടുപാടി. കച്ചാ ബദാം എന്നായിരുന്നു അതിന്റെ വരികൾ. ഈ പാട്ട് സോഷ്യൽ മീഡിയയിൽ പ്രത്യക്ഷപ്പെട്ടതോടെ കളം മാറി. സെലിബ്രിറ്റികൾ ഈ പാട്ട് ഷെയർ ചെയ്തു. ഇൻസ്റ്റഗ്രാമിലും ടിക് ടോക്കിലും കച്ചാ ബദാം നിറഞ്ഞു. കവറുകളും വീഡിയോകളും വന്നു. ഭുവൻ രാജ്യാന്തര പ്രശസ്തനായി.

അവിടംമുതൽ ഭുവൻ ആളാകെ മാറുകയാണ്. ഓലമേഞ്ഞ വീട്ടിൽനിന്ന് അയാൾ ഓടിക്കയറിയത് വെള്ളിവെളിച്ചത്തിലേക്കാണ്. പുതിയ പാട്ടുകൾ റെക്കോർഡ് ചെയ്യുന്നു, സ്റ്റേജ് ഷോകൾ നടത്തുന്നു, മീഡിയയുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നു... ബംഗ്ലാദേശിലും ദുബായിയിലും അടക്കം അയാളുടെ സ്റ്റേജ് ഷോകൾ തീരുമാനിക്കപ്പെട്ടു. യുട്യൂബും ഫേസ്ബുക്കും ഇത്രവലിയ സംഭവമാണെന്ന് അയാൾക്ക് വിശ്വസിക്കാൻ കഴിയുമായിരുന്നില്ല. അല്ലെങ്കിൽ കൂടുതൽ ആലോചിക്കാൻ അയാൾ ഒരുക്കമായിരുന്നില്ല. തലക്കനം അയാൾപോലും അറിയാതെ കൂടി.

## ശരിയോ തെറ്റോ!

കഷ്ടപ്പാടുകളിൽനിന്ന് ഒരുയർച്ചയുണ്ടാകുമ്പോൾ അല്പം അഹങ്കരിക്കുന്നത് ഒരു തെറ്റാണോ എന്നതിൽ രണ്ടുപക്ഷമുണ്ടാകും. ഏതുനിലയിൽ എത്തിയാലും അത്യാവശ്യം വിനയം കൈവിടാതിരിക്കുക എന്നത് ഒരു മാനുഷിക മൂല്യമാണെന്ന് ഭൂരിഭാഗം പേരും സമ്മതിക്കും. റെയിൽവേ സ്റ്റേഷൻ പരിസരത്തു പാടിനടന്ന ഒരു നാടോടി സ്ത്രീ കുറച്ചുകാലംമുമ്പ് ഇതുപോലെ വെള്ളിത്തിളക്കത്തിൽ മുങ്ങിയത് ഓർമയുണ്ടാകും. ലതാ മങ്കേഷ്കറെ കവച്ചുവയ്ക്കുന്ന ശബ്ദസൗകുമാര്യം എന്നാണ് സോഷ്യൽ മീഡിയ അവരെ വാഴ്ത്തിയത്. ഏതാനും പാട്ടുകൾ പാടാൻ അവസരവും കിട്ടി. എന്നാൽ അഹങ്കാരം തലയ്ക്കു പിടിച്ചപ്പോൾ അതേ സോഷ്യൽ മീഡിയ അവരെ ഉയര



**ഞാനൊരു പാവം കപ്പലണ്ടിക്കച്ചവടക്കാരനാണ്. പെട്ടെന്ന് കൈയിൽ കുറേ പണം വന്നപ്പോൾ കാലങ്ങളായുള്ള ഒരു സ്വപ്നം യാഥാർത്ഥ്യമാക്കാൻ തോന്നി. ഒരു സെക്കൻഡ് ഹാൻഡ് കാർ വാങ്ങിക്കുക എന്നതായിരുന്നു അത്. ആ തീരുമാനം എടുക്കുമ്പോൾ ഞാൻ ശരിക്കുള്ള ഞാനല്ലായിരുന്നു. എനിക്കു യഥാർത്ഥത്തിൽ ഒരു കാറിന്റെ ആവശ്യമേയില്ല- ഭുവൻ പറയുന്നു. വാഹനം വാങ്ങാനുള്ള ശ്രമത്തിനിടെ അയാൾ അപകടത്തിൽപ്പെട്ടു എന്നു വാർത്തകൾ പുറത്തുവന്നിരുന്നു.**

ത്തിൽനിന്നു കുടഞ്ഞു താഴെയിട്ടു. ഇപ്പോൾ അവരെക്കുറിച്ച് യാതൊന്നും കേൾക്കാനില്ല.

## ശരിയാണ്, തെറ്റിപ്പോയി

ഭുവനിലേക്കു തിരികെവരാം. പെട്ടെന്നു കൈവന്ന പ്രശസ്തിയും പണവും തന്റെ അഹങ്കാരം കൂട്ടിയെന്ന് സമ്മതിക്കുന്നു അയാൾ. ഇത്രകാലം ചെയ്ത തൊഴിൽ ഇനി ചെയ്യില്ലെന്നും അയാൾ തീരുമാനിച്ചു. സംഗതിയറിഞ്ഞവർ അയാളെ അല്പനെന്നും കണക്കാക്കി, അഹങ്കാരിയെന്നുതന്നെ വിളിച്ചു. പണികിട്ടിയല്ലോ എന്ന് അയാൾക്ക് വേഗം മനസിലായത് എന്തോ ഭാഗ്യം.

ഞാനൊരു പാവം കപ്പലണ്ടിക്കച്ചവടക്കാരനാണ്. പെട്ടെന്ന് കൈയിൽ കുറേ പണം വന്നപ്പോൾ കാലങ്ങളായുള്ള ഒരു സ്വപ്നം യാഥാർത്ഥ്യമാക്കാൻ തോന്നി. ഒരു സെക്കൻഡ് ഹാൻഡ് കാർ വാങ്ങിക്കുക എന്നതായിരുന്നു അത്. ആ തീരുമാനം എടുക്കുമ്പോൾ ഞാൻ ശരിക്കുള്ള ഞാനല്ലായിരുന്നു. എനിക്കു യഥാർത്ഥത്തിൽ ഒരു കാറിന്റെ ആവശ്യമേയില്ല- ഭുവൻ പറയുന്നു. വാഹനം വാങ്ങാനുള്ള ശ്രമത്തിനിടെ അയാൾ അപകടത്തിൽപ്പെട്ടു എന്നു വാർത്തകൾ പുറത്തുവന്നിരുന്നു. ഒരുപക്ഷേ ആ സംഭവമായിരിക്കാം ഭുവനെ വീണ്ടും മണ്ണിൽ കാലുകുത്തി ചിന്തിക്കാൻ പ്രേരിപ്പിച്ചത്.

ഞാൻ പാട്ടുകൾ പാടുന്നത് തുടരും. എന്നാൽ കപ്പലണ്ടി വില്പന ഒരിക്കലും ഉപേക്ഷിക്കില്ല- ഓലമേഞ്ഞ മൺവീട്ടിൽ ഭാര്യയ്ക്കും രണ്ട് ആൺമക്കൾക്കുമൊപ്പം കഴിയുന്ന ഭുവൻ പറയുന്നു. അമ്പതുകളുടെ മധ്യത്തിലാണ് ഭുവന്റെ പ്രായം. ഓല മേൽക്കൂര അല്പമൊന്നു പരിഷ്കരിച്ചു പ്ലാസ്റ്റിക് ഷീറ്റ് വിരിച്ചു. കച്ചാ ബദാമിനു പുറമേ രണ്ടു പാട്ടുകൾ കൂടി ഭുവൻ തയാറാക്കിയിട്ടുണ്ട്. സരിഗമ എന്നു തുടങ്ങുന്നതാണ് ആദ്യത്തെ പാട്ട്. കാർ വാങ്ങാൻ പോയതും അപകടത്തിൽപ്പെട്ടതും അമാർ നോട്ടൻ ഗാഡി എന്ന രണ്ടാമത്തെ പാട്ടിനു വിഷയമായി.

## നല്ലനിലയിൽ, നന്മയോടെ

അടുത്തയിടെ മുംബൈയിൽ ഒരു പാട്ടിന്റെ റെക്കോർഡിംഗിനു പോയിരുന്നു ഭുവൻ. മ്യൂസിക് കമ്പനിയായ ഗോധുലി ബേല മ്യൂസിക് സിഇഒ ഗോപാൽ ഘോഷ് ആയിരുന്നു ഒപ്പം. ഭുവനുമായി കമ്പനി ഒരു വർഷത്തെ കരാർ ഒപ്പുവച്ചിട്ടുണ്ട്. പാട്ടിനു വേണ്ടി മൂന്നു ലക്ഷം രൂപയാണ് കരാർ പ്രകാരം നൽകിയിരിക്കുന്നത്. ഒരു നല്ല വീടു പണിയാൻ തുടക്കമിടണം എന്നാണ് ഭുവന് ഘോഷ് നൽകിയിരിക്കുന്ന ഉപദേശം. പാട്ടുകളുടെ റോയൽറ്റി വഴിയേ നൽകാനാണ് കമ്പനിയുടെ തീരുമാനം.

വിദേശങ്ങൾക്കൊപ്പം കേരളത്തിലേക്കും ഭുവന് ക്ഷണം കിട്ടിയിട്ടുണ്ട്. എന്നാൽ വിദേശത്തേക്കു പോകാൻ അയാൾക്ക് ഇതുവരെയും പാസ്പോർട്ട് ഇല്ല.

സംഗീതം ഒരാളുടെ മനസു തുറപ്പിച്ച കഥയാണ് ഇതെന്നു പറയാം. പാട്ട് അയാൾക്ക് നല്ലൊരു ജീവിതം സമ്മാനിക്കുമെന്നു പ്രതീക്ഷിക്കാം, അതയാൾ ശ്രുതിശുദ്ധമായി കൊണ്ടുനടക്കുമെന്നും.



വിഷുപ്പക്ഷി പിന്നെയും
പൊഴിക്കുന്നു
പടിപ്പുരക്കോണിൽ ,ഒരു തൂവൽ
വിഷുക്കാലം പിന്നെയും അണയുന്നു,
കിളിച്ചുണ്ടൻ മാവിൽ , ഒരു കൂവൽ .

തൊടിയിൽ
അങ്ങിങ്ങായ് വീശുന്നു
മേടക്കാറ്റ്
പാടത്താകെ
താളം, മേളം പൊലിക്കുന്നു
മേടക്കൊയ്ത്ത് .
മുറ്റത്തായ്,
കളികൾ തിമർത്താടുന്നു
കുട്ടിക്കൂട്ടം .
നാട്ടുവഴികളിൽ
വട്ടം കൂട്ടുന്നുണ്ടല്ലോ
വർണ്ണപ്പൊലിമകൾ
ദേശക്കാർ
വിഷുവേലക്കായ്.
വിഷുപ്പുലരിയിൽ
ഓട്ടുരുളിയിൽ പൊന്നാകാൻ
ഒരുങ്ങുന്നല്ലോ കണിക്കൊന്ന.

കണി കണ്ടുണരാം മേടപ്പുലരിയിൽ
പൊൻവീണ മീട്ടിടാം മനതാരിൽ
ഐശ്വര്യ സമൃദ്ധികൾക്കായ് ഒരുങ്ങാം
ആനന്ദധാരയിൽ മുങ്ങിനിവരാം.



ഡോ. പി.സജീവ് കുമാർ



# വിഷു വരവായ്

# വിഷുപ്പുലരി



ജയപാലൻ കാര്യാട്ട്

വീണ്ടുമെത്തി വിഷു വിളവുത്സവം
വീണ്ടെടുപ്പിൻ വിചാര സമൃദ്ധിയിൽ.
കർണ്ണികാരങ്ങൾ കൺമിഴിച്ചെത്തവേ
വർണ്ണരാജികൾ വാനിൽ വിരിയവേ
നാട്ടിലുത്സവ മേളപ്പെരുമയിൽ
കൂട്ടുചേരുന്നൊരാഘോഷപ്പൂത്തിരി.
കൺകുളിർക്കേ വിഷുക്കണി പുണ്യമായ്
മൺമറഞ്ഞ നാട്ടോർമ്മക്കുളിരല.
        ആദ്യവർഷബിന്ദുക്കളൊത്തുന്മാദ
        വാദ്യവൃന്ദമുണർത്തി മലനിര
        വിണ്ടുകീറിയ മണ്ണിൽ പുളകമായ്
        വിണ്ടലം കനിഞ്ഞേകും മഴക്കുളിർ
        ചിത്തഭാരമിറക്കുമത്താണിയായ്
        വിത്തെറിഞ്ഞുള്ളമാഹ്ലാദ പൂരിതം
താഴ്ന്നു മാനത്തിടിമിന്നലാരവം
കീഴെ കത്തും പടക്കങ്ങൾ പൂത്തിരി.
ചിട്ടവട്ട ക്രമങ്ങളൊത്താടുവാൻ
തിട്ടമാഞ്ഞു കുതിക്കുമൂഞ്ഞാലുകൾ.
താളമേളം കൊഴുക്കുന്ന കാവുകൾ
പാളിനോക്കുന്നിതമ്പിളി താരകൾ.
നന്മപൂത്തു വിളയുന്ന ചില്ലയിൽ
സന്മനസ്സിടം തേടി സായൂജ്യമായ്.
കോടിചാർത്തിയണയും പുലരിയിൽ
ഈടുവെയ്പിന്റെ സ്വപ്നം കൈനീട്ടമായ്!



# വീണ്ടും വിഷു

നോക്കൂ സുഹൃത്തേ, വന്നെത്തി വിഷു വീണ്ടും
വെള്ളരിപ്പാടം പോൽ തോഷിപ്പൂ ,യെൻമനം
പെയ്തു പെയ്തെത്ര കാലം വെളുത്തു ,യെന്നാൽ
പോയ്പ്പോയ കാലത്തിൻ താഴ്‌വരയിൽ ചെന്നെ-
ത്തിച്ചിടുന്നോർമ്മയിന്നും നമ്മെ

ഉണ്ണികളാംനമ്മളാർത്തു തിമർത്തൊരാ
ബാല്യത്തിൻ തീരമതെന്തു ഭംഗി
താരകളെപ്പോൽ വെളിച്ചം വിതറിനാം
താഴ് വരത്താരുവായ് പൂത്തതില്ലേ

പുത്തൻപുലരിയിൽ ചെപ്പുക്കുടവുമായ്
കൂവലിൽ വെള്ളം നാം കോരിയില്ലേ
മത്തൻ, പടവലം, കൈപ്പയും കുമ്പളം
കുളിർകോരി നമ്മൾ നനച്ചതില്ലേ

മുറ്റിക്കൂടിയുള്ളെരാഹ്ളാദ വായ്പ്പാൽ
മുങ്ങാംക്കുഴിയെത്രയിട്ടതാടോ
കറ്റമെതിക്കയും, കാലിയേ മേയ്ക്കയും
കന്നത്തമെന്തെല്ലാമൊപ്പിച്ചു നാം

പൊട്ടാസ്, പൂക്കുറ്റി, ഓലപ്പടക്കങ്ങൾ
എന്തെന്തു മേളങ്ങളായിരുന്നു
കൊന്നപ്പൂ, കോവക്ക, കണ്ണിമാങ്ങ നമ്മൾ
കുഞ്ഞുങ്ങൾ കൂട്ടമായ് കൊണ്ടുവന്നു

അമ്മകളംവരച്ചീടുന്നപോലവെ
കളംവരയ്ക്കുന്നെടോ ഓർമ്മയുള്ളിൽ
ജീവിത സായാഹ്ന വേളയിൽ പോലുമേ
കുഞ്ഞായ് ചമയുന്നുയെൻ മാനസം



രാജു കാഞ്ഞിരങ്ങാട്

കവിത

# കണിക്കൊന്ന

ചാഞ്ഞുനിൽക്കുന്ന പൂമരത്തിന്റെ
ചാരെ വന്നൊന്നു നിൽക്കവെ
സ്വർണ്ണകിങ്ങിണിപ്പോലെ തൂങ്ങുന്ന
കൊന്നപ്പൂക്കളെ കണ്ടു ഞാൻ

ഓട്ടുരുളിയിൽ വയ്ക്കണം കണി -
ക്കൊന്നപ്പൂ, കണിവെള്ളരി
കാണണം കണിക്കൊന്ന പൂവിന്റെ
കാന്തിയിൽ മണിവർണ്ണനെ

സ്വർണ്ണവർണ്ണത്താൽ മിന്നിനിൽക്കുന്ന
സ്വർഗ്ഗ സ്വപ്ന പ്രപഞ്ചത്തിൽ
സ്വർണ്ണനൂലിഴ പോലും തോറ്റിടും
കർണ്ണികാരത്തിൻ മുന്നിലായ്

വിടരണം വിഷുവിഭാത കാന്തിയിൽ
കണിക്കൊന്ന പൂവിൻ നൻമയും
വിശുദ്ധിയേകുമീ പൂവിനെ പോലെ
വിമലമാകണം മനസ്സുകൾ



കൃഷ്ണകുമാർ മാപ്രാണം





വി.പി.ജോൺസ്

# ഇനിയിപ്പം കേസ് വന്നാലെന്നാ? വന്നില്ലേലെന്നാാാ?

തമ്പീം ഞാനും ഉറ്റ ചങ്ങാതിമാരാര്ന്ന് . കുടിപള്ളിക്കൂടത്തേൽ ഒപ്പം പഠിച്ചവര്. ചെറുപ്പം തൊട്ടേ ഒള്ള സ്നേഹമാ. അല്ലറ ചില്ലറ മോഷണമൊക്കെ പതിവാര്ന്ന് ചെങ്ങാതിക്ക് വെശപ്പ് പൊറ്ക്കാൻ വയ്യാഞ്ഞിട്ടാ സംഗതി തൊടങ്ങീത്. ചെലപ്പം എന്നേം കൂടെ കൂട്ടുവാർന്ന്. കഞ്ഞി കുടിയ്ക്കാൻ പാങ്ങില്ലാത്ത പാവങ്ങളാര്ന്ന് കോളനി മുഴുക്കെ. വീട്ടേലൊക്കെ വല്ലാത്ത കഷ്ടമാര്ന്ന്. അവന്റ് അച്ഛന് പോക്കറ്റടിയാര്ന്ന് തൊഴില്. അന്ന് ഇത്രേം മെച്ചമാര്ന്നില്ല അത്തൊഴിൽ. അന്നേരമാ കുടീല് അരിയിട്ട് വെള്ളം തെളപ്പിക്കുവാ. മിക്കവാറും ദാരിദ്ര്യം തന്ന്യാര്ന്ന് എല്ലാ കുടീലും. എന്റെ വീട്ടേലും വല്ലാത്ത പഞ്ഞമാര്ന്ന്. അച്ഛന് മുച്ചീട്ടു കളീം പന്നിമലത്ത്മാർന്ന് പണി. അമ്മച്ചിയാണേൽ ചെല ദെവസം എവ്ടേലും കൂലിപ്പണിക്കുപോവും. അപ്പഴാ എന്റെ വീട്ടേലും തീ പൊകയുവാ. അല്ലേൽ ഇല്ല. അഞ്ചാറുപിള്ളേരും കൊടിയ ദാരിദ്ര്യോം. പിന്നെ എന്നാ ചെയ്യും? വയറു പൊറുക്കണ്ടായോ?

അഞ്ചാം ക്ലാസ്സിൽ വെച്ചാ എന്റേം തമ്പീ

ടേം പഠിപ്പ് നിന്നുപോകുന്നത്. പട്ടിണീം പരിവട്ടോമായിട്ട് എങ്ങനാ പള്ളികൂടത്തേൽ പോവുക? ഉച്ചക്കഞ്ഞീമൊക്കെ പിന്നീടല്ല്യയോ വരുന്നത്? തമ്പി അക്കംപക്കത്തൂന്നൊക്കെ അല്ലറചില്ലറ പാക്കും തേങ്ങോമൊക്കെ മോട്ടിക്കാൻ തൊടങ്ങി. എന്നാ ചെയ്യാനാ? പട്ടിണി സഹിക്കാൻ മേലാഞ്ഞപ്പം ഞാനും തമ്പീന്റെ കൂട്ടേലങ്ങോട്ടുകൂടി. അവന്റേം എന്റേം കുടീൽ നന്നായി തീ പൊകയാൻ തൊടങ്ങീതങ്ങനാ. ചെലപ്പം നാട്ടുകാർടെ വകയായിട്ട് അടീം തൊഴീമൊക്കെ കിട്ടും. ദേഹമനങ്ങാതെ എങ്ങനാ വയറു നിറയുക? അല്ല്യോ? മോഷ്ടിച്ചോട്ടു വരണ സാധനസാമഗ്രികൾ മുഴോൻ പലവ്യഞ്ജനകടക്കാരൻ അവറാൻകുട്ടി വാങ്ങുവാര്ന്ന്. നല്ല കൂറൊള്ളാനാര്ന്ന് പുള്ളിക്കാരൻ. പാതിക്കാശേ പുള്ളി തരത്തൊള്ള്. എന്നേലും കൊള്ളാം. കട്ട ഉരുപ്പടി വാങ്ങാൻ ആരേലും തയ്യാറാവാതൊണ്ടോ? ഒണ്ടാകത്തില്ല. തന്നിമിത്തം ഞങ്ങക്ക് പുള്ളിക്കാരനോട് പെരുത്ത് ഇഷ്ടമാര്ന്ന്. എടയ്ക്ക് പൊല്ലീസുകാര് മെരട്ടുമ്പം അങ്ങേരാ ഞങ്ങക്ക് തൊണ നിക്കുവാ.

പണം കയ്യേൽ വന്നു കേറാൻ തൊടങ്ങിയപ്പം എടയ്ക്കൊരു ദെവസം തമ്പിയെന്നോടു ചോദിക്കുവാ : "ടേയ് ലേശം കള്ള് മോന്താവോടാ കുഞ്ഞച്ചാാാന്ന്?

അതു കേട്ടപ്പം ഞാനങ്ങോട്ട് വെരണ്ട്പോയില്ല്യോ? കള്ള്, താവരം എന്നൊക്കെ കേക്കുമ്പം എനിക്ക് വല്ലാത്ത പേടിയാര്ന്ന്. അച്ഛൻ കുടിച്ചേച്ച് ലക്കും ലഗാനുമില്ലാതെ വേലീം പറിച്ചോണ്ട് വരണ രംഗമാ അപ്പം ഓർമ്മേൽ വന്നുകേറുക. അമ്മച്ചീം പുള്ളാരും പേടിച്ചരണ്ടോണ്ട് അയലത്തെ കുടീലോട്ട് ഓടിപ്പോണത് നിത്യകാഴ്ചയാർന്ന്. പിന്നെ എങ്ങനാ ഞാൻ കുടിക്കുവാ?

അതോർത്തപ്പം ഞാനാദ്യം സമ്മതിച്ചതല്ല. ഒടുവിൽ യെവൻ വിടാതെ നിർബന്ധിച്ചപ്പം ഞാനങ്ങ് സമ്മതിച്ച് കൊടുത്തെന്നേ ഒള്ള്.

ഒടുവൊടുവ് പിന്നേ എന്നാ ആയീന്നാ?

നാഗമ്പടം ഷാപ്പേൽ സ്ഥിരം കുടികിടപ്പായില്ല്യോ ഞാനും തമ്പീം എന്നു പറ ഞ്ഞാപ്പോരായോ?

ഒര് ദെവസം ഷാപ്പേൽ വെച്ച് യെവൻ എന്നോടു എന്തോ പറഞ്ഞപ്പം എനിക്കതങ്ങോട്ട്ത പിടിച്ചില്ല. ഞാനങ്ങോട്ടു ചൂടായി. മറുതലിച്ചെന്തോ ഞാനു മങ്ങോട്ടു പറഞ്ഞു. കാര്യം കശപിശയായില്ല്യോ? എന്നാ ചെയ്യാനാ ? ഒടുവേൽ അവൻ എളിയിൽ തിരുകിവച്ചിരുന്ന കത്തി, ദാണ്ടേ വലിച്ചൂരി എന്നെയൊര് കുത്ത്. വയറിനു കീഴെ കത്തി എറങ്ങിയപ്പം കുടുകുടാന്നല്ല്യോ ചോര ചാടീത്? തീട്ടോം മുത്രേമൊക്കെ മുണ്ടേൽ പോവുകേം ചെയ്തു. പിന്നെ ഒണ്ടായതൊന്നും എന്റെ ഓർമ്മേൽ വരുന്നില്ല. ഞാൻ ബോധം കെട്ടല്ല്യോ വീണേച്ചത്? കൊറേ ദേവസം കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയേൽ കെടന്നു. ബോധം തെളിഞ്ഞപ്പം തമ്പിയാ കുത്തീതെന്ന് ഞാനാരോടും പറഞ്ഞതുമില്ല. പൊല്ലീസുകാർ ചോദിച്ചു വെരട്ടിയപ്പം എനിക്കറിയാമ്പാടില്ലെന്നല്ല്യോ ഞാമ്പറഞ്ഞത്? യെവനും പേടിച്ചു വിറച്ചല്ല്യോ നിന്നത് ? ആൾ ശരിക്കും പഞ്ചപ്പാവമാര്ന്ന്. ആശുപത്രിയേൽ എനിക്കു കൂട്ടിരുന്നതും എന്നെ രാത്രീം പകലും ശുശ്രുഷിച്ചതും തമ്പി തന്ന്യാർന്ന് കേട്ടോ?

ഒരുമാസം കഴിഞ്ഞപ്പം ഞാൻ ആശുപത്രീന്ന് എറങ്ങി? പിന്നേം മോഷണോം അല്ലറ ചില്ലറ പിടിച്ചു പറീം ഒക്കേമായി കഴിഞ്ഞു കൂടുവാർന്ന്. തമ്പിയെ കണ്ണുമടച്ചങ്ങ് വിശ്വസിക്കാൻ എനിക്കങ്ങോട്ടു മടിയായി. എന്നതാന്ന് അറിയില്ല കേട്ടോ. യെവനെ നമ്പാൻ ഇനി എന്നെ കിട്ടത്തില്ല എന്നു ഞാൻ എന്നെയങ്ങു പറഞ്ഞു വിശ്വസിപ്പിച്ചുകളഞ്ഞു. എപ്പമാ പുള്ളിക്കാരന്റെ തരം മാറുവാന്ന് പറയാൻ ഒക്കത്തില്ലല്ലോ? എപ്പഴാ യെവൻ എന്നെ കുത്തിമലത്തുവാന്ന് വല്ല തിട്ടോമൊണ്ടോ? സൂക്ഷിച്ചല്ലേ പറ്റത്തുള്ളു?

ഇപ്പം അവനു വേറെയാ പണിയെന്നാ കേട്ടുകേൾവി? കാൾ വാങ്ങി ആളെ തട്ടിക്കളയാൻ കരാറ് ഏറ്റ് തൊടങ്ങിയിരിക്കുവാത്രേ! പട്ടിണി കെടന്നാലും കുഞ്ഞപ്പനെ കിട്ടത്തില്ല അപ്പണിക്ക്. മോട്ടിക്ക്യേം മറ്റും ചെയ്യണത് പോലെ യാന്നോ അത്? ആന്നോ?

ഒടേ തമ്പുരാൻ കൊടുത്ത പ്രാണനെടുക്കാൻ നമുക്കെന്നാ അധികാരം?

യെവൻ എന്നെ കൂട്ടിനു വിളിച്ചു. ഞാൻ പറഞ്ഞു :

അതൊന്നും എന്നെക്കൊണ്ടാവത്തില്ല തമ്പിച്ചായാാ. അല്ലറ ചില്ലറ കളവും, വേണേൽ ഇച്ചിരെ പോക്കറ്റടീം മതിയല്ലോ കഷ്ടി പിഷ്ടി കഴിച്ചുകൂട്ടാൻ. ഇല്ല്യോ? പോ

രേൽ, അല്പം പിടിച്ചുപറീം കൂട്യാവാം, എന്നാലും ആരേലും തല്ലാനും കൊല്ലാനുമൊന്നും ഞാൻ വരുകേല. കട്ടായമായിട്ടു തന്നെ പറയുകാ. അതിനൊന്നും ഈ കുഞ്ഞച്ചനെ കിട്ടുകേല.

അന്നേരം തമ്പി അച്ചായന്റെ മൊഖമങ്ങോട്ടു ചുവന്നു തുടുത്തുപോയി. കണ്ണുകളേൽ തീക്കുണ്ടമെരിയും പോലെയല്ല്യോ? തോന്നുക.

തമ്പിയ്ക്കെന്നോടു ഗർവ്വോം പകേം തോന്നാൻ ഇതു തന്നാ കാരണം!

പിന്നീട് ഒര് ദെവസം ഷാപ്പേൽ വെച്ച് യെവൻ എന്റെ കഴുത്തേൽ പിടിച്ച് ചുമ്മായിട്ടങ്ങോട്ട് ഞെരിക്കാൻ തൊടങ്ങി. തമാശ്യാണന്നല്ല്യയോ ഞാനാദ്യം കര്തീത്? എങ്ങന്യായാലും യെവൻ എന്റെ ഉറ്റ ചെങ്ങാതിയല്ലായോ?

പിന്നീടല്ല്യോ യെവൻ പറഞ്ഞോണ്ടു വരുന്നേ–എന്റെ കൂടെ കൂടാൻ സമ്മതിച്ചില്ലേൽ നെന്നെ ഞാനിപ്പം കൊന്നുകളേം. പറഞ്ഞു നാവെടുക്കും മുമ്പേ എന്റെ കണ്ണും നാവുമൊക്കെ വെളിയിലോട്ടു തള്ളി വരാൻ തൊടങ്ങീന്നേ. ശ്വാസം മുട്ടിയേച്ചും ഞാൻ കെടന്നു പെടയാൻ തൊടങ്ങി. “തമ്പിയുണ്ടോ വിടുന്നു? യെവന്റെ ആക്രോശം കേട്ടപ്പം കൂട്ടുകുടിയന്മാർ പതിയെപ്പതിയെ സ്ഥലം കാലിയാക്കാൻ തൊടങ്ങി. അപ്പം ഷാപ്പുകാരൻ മോനായി അവതാ പറഞ്ഞു.

കുഞ്ഞച്ചനെയങ്ങോട്ടു വിട്ടുകള തമ്പി. അല്ലേൽ അവൻ ചത്തു പോകത്തില്ല്യോ? എങ്ങനെയാണേലും അവൻ നിന്റെ ഉറ്റ ചങ്ങാതി തന്ന്യല്ല്യയോ? “ഏങ്ങ്” തമ്പിയിപ്പം അയാടെ നേർക്കായി കലമ്പല്!

മോനായി പിന്നീട് മിണ്ടുകേം മറ്റും ഒണ്ടായില്ല. തിരികെ വന്ന് പിന്നേം എന്റെ കഴുത്തേൽ ഇട്ട് പിടി മുറുക്കുവാ.

ഞാൻ പിന്നേം പറഞ്ഞു. എന്നേക്കൊണ്ടതൊന്നും ഒക്കത്തില്ല തമ്പിച്ചാ. ഞാൻ തറപ്പിച്ചു. തമ്പിച്ചായൻ കഴുത്തേൽ നിന്ന് പിടി വിട്ടേര്.

അല്ലേൽ ?

അല്ലേൽ നീ എന്നാ ചെയ്യുംന്നാ? – അവനങ്ങോട്ടു കലി മുഴുത്തേ. എന്റെ കഴുത്തേൽ അവൻ സർവ്വശക്തീമെടുത്ത് പിടി മുറുക്കിയപ്പം എനിക്കു തീരെ ശ്വാസമെടുക്കാനൊക്കാതെയായി. ഞാനിപ്പം ചത്തുപോകുവേ. എന്റെ കണ്ണു പുറത്തോട്ടു തള്ളി വരുകാ. പിന്നെ ഞാൻ എന്നാ ചെയ്യാനാ?

അപ്പം അവന്റെ അരയേൽ കിടന്ന നീളൻ പിച്ചാത്തി പൊടുന്നനേ ഞാനങ്ങോട്ടു വലിച്ചൂരിയെടുത്തു. പിന്നെ ശരശരേന്നല്ല്യോ അവന്റെ മർമ്മത്തേൽ ഞാൻ ആഞ്ഞാഞ്ഞങ്ങോട്ടു കുത്തിക്കയറ്റിയത്. അപ്പം അവന്റെ കൈ താനേ അയഞ്ഞില്ല്യോ? എനിക്കന്നേരമാ നേരെ ചൊവ്വെ ശ്വാസം വീണു കിട്ടിയത്.

ഞാനെന്നാ ചെയ്യാനാ? പിന്നീടു യെവൻ മിണ്ടിയിട്ടേയില്ല. ചത്തുപോകുമെന്നൊന്നും സ്വപ്നത്തിൽപ്പോലും ഞാൻ കര്തീര്ന്നില്ല. പക്ഷേ എന്തോ പറയാനാ? തമ്പിയങ്ങോട്ടു ചത്തു.

എനിക്കു അടക്കാനാവാത്തവണ്ണം സങ്കടം ഒണ്ടെന്നേ. പക്ഷേ ഞാനെന്തോ ചെയ്യും? ഞാൻ കുത്തിയിരുന്നില്ലേൽ അവൻ എന്നെ ഞെക്കിക്കൊല്ലുമാർന്ന് അപ്പം സ്വരക്ഷാർത്ഥമല്ല്യോ ഞാനവനെ കൊന്നത്? അതല്ല്യോ സത്യം?

ഇനിയിപ്പം കേസു വന്നാലെന്നാ, വന്നില്ല്യേലെന്നാ? എന്റെ പ്രാണനല്ല്യോ എനിക്ക് വലുത്? അല്ല്യോ?

എന്നാലും ഞാൻ പിടി കൊടുക്കാൻ പോവുകാ? ഒടേ തമ്പുരാൻ കൊടുത്ത പ്രാണനെടുക്കാൻ എനിക്കെന്നാ അവകാശം?

# കാട് ഹ്ണ്ണ്



ബിന്ദു ഇരുളം

നൂസ് തിന്ത് യത്ത ജിന സൻതോസ
ഇന്തെയിറ ഒരിസ
യെണ്ണിയെണ്ണി പ്രായകൂട്ടത്.

മക്കല് യാന് ഗൊത്തു കാണി.
ദപ്പാഗി ബറക യല്ല്ന് നോടക്ക് .

തമ്മനി നോടക്ക് .
തെങ്കെനി നോടക്ക്.
ഗ്ഞ്ചി തപ്പലെ തൊള് ദ്
ഗ്ഞ്ചിനീറ് കുളുസക്ക് .

ഹന്തലെന് കാട്ന
ശിയ്യന് നാത്തന് ഇഷ്ടാ.

കാട് ബ്ള്ളില്
ഊമാലാടക്ക് .
കൊല്ലി നീറ് ജീവനീറ്.
കാട് മൊലന് കാട്
കുഗില്ന് ജൊത്തുക്കാർ.

കാട് മറക അവക് ഊക്കാല കൊടദ് .
കട്ട്യേളപദന ക്ളി
കട്ടെ കൊടല് കട്ടെ ബത്ത തുഗിപ്പഗമുള്ളെ
ന്തോ , ക്ല്ലെന്തോ മറ്ദോഗദ് .

മളെല് മൊള്സ്സ ക്ള്ലെത്തി
തേക്കാളെല് മുല്ല ഊല്ലക്ക കത്തറ്സക്ക്.

എക്കോ , നൂര്യോ ബ്ള്ളിന്നോടി ഗള്സ് തോ
ടക്ക്.

ഉതുക്കഗ് കാട് താവെ മുരിപ്പക്ക്.
ചേവ്വുന് തകരെന് നോടിയത്തക്ക് .

ആള ബായിലാ നെള്ളിനി
ഹ്ടിപ്പക നോടക്ക് ഒള്ള്യാവുനി.

ദപ്പാനന്തലെ ഗുഡല് കുളിപ്പക്ക്.
ഹവ്വ ഉജ്ജിത ഹ് രിശിന
നാത്തല് ജോഡ് മറ കു ണ്യട്ട ക്ളിനാക്കാ
ള് മൊക്കല് അറകി നിലക്ക്.

ഇന്ന് ത്താ ഭയ്യ ബറ ദ് .

നഗിദാട സമെല്
ക്ട്ടി ശി കൊടിത്തെരെ.
നഗിദ മൊക്കല് സോരെ ഹ്ളിത്തെദേ .

മൻസ്ല് വേദനെയിറക
പലെറ്ന് പലെദാള വ്റുപ്പ് ന് സഹിസ്സക്ക്.

ജൊത്താദവറ്
മൊക്ക തിറ്സ്സകാ
തന്ന മക്കനി
യെദെല് ശേരിശ്ശി
ഹ്ളിവദ് കെൽസക് .

സോരെ നീറാകി
കെൽസ മാടക
തൂട്ടിശിനോട ക്ണ്ണ്ന് കാണാക്ക്.
കാരിത്തുപ്പി താറദെ ആളലെ നന്ന മാത്ത്
ഇദ്ദെദ്ദേ.

കാട് ഹ്ണ്ണ് ന മാന ഓഗ്ശി ദവ്വ ഓരിപ്പക്ക്
കാട് നീതിക് ബാന്ത മാത്ത .

യാറൊന്തുന് ഹ്രിപ്പ ദ
മാത്ത് അവ്വകാഗി
ജൊത്തു.

ഈ കവിതയുടെ മലയാളഭാഷ്യം അടുത്ത പേജിൽ

**ബിന്ദു ഇരുളം**– ഗോത്ര ഭാഷാ കവി. കാട്ടുനായ്ക്കാൻ ഭാഷയിലും, മലയാളത്തിലും കവിത എഴുതി വരുന്നു .



# കാട്ടു പെണ്ണ്

പെറ്റന്നോവിന്റെന്നാണ്
പിറന്നാൾ മധുരം.
വരും വർഷങ്ങൾ എണ്ണിയെണ്ണി പ്രായം കൂട്ടും.

ശൈശവം ഒന്നുമേ അറിയില്ലെന്നു ചൊല്ലും.
കൗമാരത്തിന് ഉത്തരവാദിത്വമേറെയുണ്ട്.

അനിയനെ നോക്കണം.
അനിയത്തിയെ നോക്കണം.
കഞ്ഞിക്കലം കഴുകി അടുപ്പിലൊന്നു വയ്ക്കണം.

എന്നാലുമവൾക്കു കാടിന്റെ മണവും
മധുരവുമേറെയിഷ്ടം.

കാട്ടുവള്ളി പിടിച്ചൊന്നു ഞാലാടണം.
കാട്ടുചോലമവൾക്കു ജീവാമൃതം.
കാട്ടുമുയലും
കാട്ടു കുയിലും
കളി കൂട്ടുകാർ.

കാട്ടുമരങ്ങൾ പൂക്കാലം തരും.
മുളക്കൂട്ടങ്ങൾ മീട്ടുന്ന കച്ചേരി കേട്ടു
മുളച്ചോട്ടിലിരുന്നു കല്ലെന്നോ
മുള്ളെന്നോ നോക്കാതെ
മുളനെല്ല് വാരുന്നതറിയുകയില്ല.

മഴയത്തു മുളയ്ക്കുന്ന മുളക്കൂമ്പെടുത്ത്
തേക്കിലയിൽ
മുല്ലപ്പൂ പോലരിയണം.

എക്കോ , നൂറയോ വള്ളി നോക്കി
കിഴങ്ങൊന്നു കുഴിക്കണം.

കറിക്കില്ലേൽ കാട്ടു ചുരുളിയൊന്നൊടിക്കണം.
ചേമ്പും തകരയും നോക്കി നുള്ളണം.

ആഴക്കുഴിയിലെ ഞണ്ടിനെ കൈയിട്ടു
പിടിക്കുമ്പോൾ നീർക്കോലിയെ പേടിക്കണം.

വലുതായെന്നറിഞ്ഞാൽ
ഗുഡ മനയിൽ ഇരിക്കണം.
അമ്മ തേച്ച മഞ്ഞളിൻ  സുഗന്ധമറിഞ്ഞ്
നാലാളു കാൺകെ കൊട്ടും പാട്ടുമായ്
നാണിച്ചു നടന്നീടണം.

ഇനിയാണു ഭയം.

കളിച്ചിരി പ്രായത്തിൽ
കുടുംബ ഭാരം ചുമക്കണം.
ചിരിച്ച കണ്ണിൽ
നിറകൺച്ചിരി കണ്ട കനവിനു മുൻപേ അമ്മയായും.

സങ്കടക്കടലിൽ നിന്നുഴലുമ്പോൾ പലരുടെയും
പലതായ വെറുപ്പുകൾ സഹിക്കണം.

കൂടെ കൂട്ടിയവർ കൈയൊഴിയുമ്പോൾ
മക്കളെ നെഞ്ചോടു ചേർത്തിറങ്ങണം വേലയ്ക്കായ്.


ചോര നീരാക്കി പണിയുന്നൊരിടവും
തുറിക്കുന്ന കണ്ണുകൾ കാണണം.
ആ കണ്ണിലൊന്നു നോക്കി പതറാതെ
പറയുവാൻ കൂട്ടുണ്ട് തന്റെ ശബ്ദം.

കാട്ടുപെണ്ണിന്റെ മാനം കവർന്നവൻ
ഇനിയെങ്കിലുമ്മോർക്കേണം.
കാട്ടുനീതിക്കു വന്ന മാറ്റം.

ആരുമേ യൊന്നുമേ അറിഞ്ഞിടാത്ത
വാണിക്കു കൂട്ടായ്
അവൾ മാത്രം.

---

**എ ക്ക്** - കാട്ടു കിഴങ്ങ്, നൂറ- നൂറ കിഴങ്ങ്
**ഗുഡ മന** - പെൺകുട്ടികൾ വയസറിയിച്ചാൽ ഇരുത്തുന്ന മന.



# പെണ്ണവസ്ഥ



രാജൻ എലവത്തൂർ

**പെ**ണ്ണായി പിറന്നു
അമ്മക്ക് സ്വന്തം
അച്ഛനും ചേട്ടനും
ആണുങ്ങളും തലോടി.

"നീ പെണ്ണാണ്. അടങ്ങി
ഒതുങ്ങണം. പ്രായമായാൽ വല്ല
വീട്ടിലേക്കും പോകേണ്ടവളാണ്"

പെൺകുട്ടിക്ക് അച്ഛനും ചേട്ടനും
പാവകുട്ടിയെ കളിപ്പാട്ടമായി കൊടുത്തു
കൂട്ടിലിട്ട തത്തയേയും നൽകി.
സ്വാതന്ത്ര്യം വേണ്ടെന്നായി

ആൺകുട്ടികൾക്ക് തോക്കും വാഹന
ങ്ങളും കളിപ്പാട്ടമായി നൽകി.
പെൺകുട്ടിയെ വീടിനകത്ത്
വളർത്തി.
ആൺകുട്ടികൾ പുറംലോകത്ത്
വെട്ടിവിലസി

പെൺകുട്ടിയെ ദുരാചാര
വസ്ത്രങ്ങളണിയിച്ചു
പ്രൈമറി സ്കൂൾ പഠിപ്പുകഴിയും വരെ
പെൺകുട്ടി തത്തക്കൂട്ടിലെ
തത്തയായി.

പെൺകുട്ടികളെ നേർച്ചകോഴികളാക്കി
മാറ്റുന്നു

വിവാഹസദസ്സിൽ സ്വർണ്ണകടത്ത്
സമാനമായി പെണ്ണിനെ പ്രദർശിപ്പിക്കുമീ
ദുരമൂത്ത സമൂഹം

പ്രായമായ പെണ്ണിന് പുറം സമ്പർക്കമില്ല
അതിനാൽ ഉള്ള വസ്ത്രങ്ങൾ
മുഷിയാതെ ധരിച്ച് ദിനങ്ങൾ
നീക്കേണ്ടിവരുന്നു. പുതുവസ്ത്രങ്ങൾ
അണിയാൻ അവസരം കിട്ടുന്നില്ല.

വിവാഹം കഴിഞ്ഞാൽ ബിരുദം
അടുക്കളയിലടക്കിവെക്കലായി
കുഞ്ഞുകുട്ടി പരാധീനത
ആയതിനാൽ ജോലിക്ക് പോകാതെ
കുരുടിച്ച ജീവിതം. ഒരു
ചുരിദാർ മതി ഏറെ
നാളേക്കും എന്നവസ്ഥ.

നീതിശാസ്ത്രങ്ങളും ദുരാചാര-വിശ്വാസങ്ങളും
'പെണ്ണേ നീ അബല'യാണെന്ന്
ചാപ്പകുത്തിയതാണ്
പെണ്ണേ നീ
തൊട്ടാവാടിയല്ല, ശലഭമല്ല, സുഗന്ധവാഹിനിയല്ല
നീതീക്കട്ടയാണെന്നറിയുക.

പെണ്ണേ നീ
പഠിക്കുന്നവളും, വിവാഹം കാത്തിരിക്കുന്നവളും
പ്രസവ - അരവുയന്ത്രവുമല്ലാ എന്നറിയേണം.

നാട്ടിലോടും പെണ്ണുങ്ങളെ
കൊഞ്ഞനം കുത്തും നഗരകൊച്ച
മ്മമാർ വഴിയോര മാലിന്യകെട്ടുകളാകുന്നു



കൊച്ചമ്മമാർ സ്ത്രീപ്രശ്നങ്ങൾ
ഡിബേറ്റാക്കുന്നതും അറുബോറാകുന്നു.

പെണ്ണുങ്ങൾക്ക് മദ്യശാലകൾ
വേണമെന്ന് കുലീനസ്ത്രീകൾ സംവദിക്കുന്നു
സാദാ പെണ്ണുങ്ങൾക്കുമുന്നിൽ
കുലീനസ്ത്രീ പേക്കോലമാകുന്നു.

****

ഹൈസ്കൂൾ പഠനം
മുതൽ പുതുകാല പെൺകുട്ടി
ശലഭമായി
അമ്മക്ക് പൊട്ടുകുത്താനും
അച്ഛന് ശാസിക്കാനും
പറ്റാതായി

പെൺകുട്ടി  ന്യൂജെനായി.
പുതുജീവിതതാളം ചവുട്ടി.
അസ്വാതന്ത്ര്യത്തേയും, ദുരാചാര
ങ്ങളേയും തകർക്കാനുള്ള
വഴിയേ സഞ്ചരിച്ചു

ഉന്നതപഠനം, സ്വാതന്ത്ര്യം
തൊഴിൽ ഉറപ്പാക്കി
അനുയോജ്യപങ്കാളിയെ
തിരഞ്ഞെടുത്തപ്പോൾ
കുടുംബമഹിമ പത്തിവിടർത്തി
പ്രതിരോധം കനത്തതിനാൽ
പെൺകുട്ടിക്ക് വിഷബാധയേറ്റില്ല.

ആണുംപെണ്ണും
മുക്കിലൊളിച്ച് ജീവിക്കരുതെന്ന്
പുതുകാല പെണ്ണുങ്ങൾ
ആഗ്രഹിക്കുന്നു. പൊതുഇടങ്ങളിൽ
പുതുപെണ്ണുങ്ങൾ
പൊരുതുന്നു
ജീവിതത്തിനും, സമൂഹത്തിനും
വേണ്ടി

അധികാരാവസ്ഥയിലും പെണ്ണിനുമേൽ
ആണധികാരാവസ്ഥ ആഞ്ഞടിക്കുന്നു. അതിനെതിരെ
പൊരുതു പെണ്ണേ നീ

'എന്തട ഏതാടാ' - എന്നു ചോദിക്കണം.
പെണ്ണുങ്ങളൊക്കെ അതിനതിനായ് മാറ്റുക മൂടുപടം
മാറ്റുക ചട്ടങ്ങളെയെല്ലാം

# മുഖം മൂടികൾ



മുഖം മൂടി വെക്കുന്നവരെ
ചെറുപ്പത്തിൽ
എനിക്കു പേടിയായിരുന്നു
ചാത്തൻ കാവിലെ ഇളനീർ വരവിന്റെ കൂടെ
മുഖം മൂടി വെച്ച് കരടിരൂപമുണ്ടാവും
കരടിവേഷത്തിനുള്ളിൽ നാട്ടിലെ
ഏതെങ്കിലും പയ്യന്മാരാവും
എന്നാലും കാണുമ്പോൾ പേടിച്ചോടും
കാശു കൊടുത്തില്ലെങ്കിൽ കരടിഭൂതം
കുട്ടികളെ  പിടിച്ചോണ്ടു പോവുമെന്ന്
അമ്മമ്മ പറയും .

പ്രേതത്തിന്റെയോ
കണ്ടാമൃഗത്തിന്റെയോ
മുഖം മൂടിയിട്ടാണ് കള്ളന്മാർ വരുകയത്രേ
കണ്ടാൽ ബോധം കെടും.
കാട്ടുപോത്തിന്റെ പുറത്തേറി
രാത്രിയിൽ
വന്നൊരു   കരിമ്പൂതം
അമ്മമ്മയെ കൊണ്ടുപോയി.

മുഖം മൂടികൊണ്ട് മാത്രം
രക്ഷപ്പെട്ടു പോയ
ഒരു പാടുപേരുണ്ട്.
അലറുന്ന സിംഹത്തെ
ഉള്ളിലൊളിപ്പിച്ച്
മാന്പേടയാവാം
ഗോഡ്സെയെ മറച്ചു  വെച്ച്
ഗാന്ധിജിയായി അവതരിക്കാം
കംസനെ ഒതുക്കി
കള്ളകൃഷ്ണനാവാം.

മുഖം മൂടി കൊണ്ടുള്ള
രസമുള്ള കളികൾ
അറിഞ്ഞപ്പോൾ
ഞാനും അണിഞ്ഞു തുടങ്ങി
പല പല മുഖം മൂടികൾ.



ശ്രീജ എൽ എസ്



# പുഴമീൻ

.. എന്റെ നിലപാടുകൾക്ക്
ഒരിക്കലും
മാറ്റമുണ്ടായി രുന്നില്ല
എപ്പോഴോ
പുഴയിലേക്ക്
നീണ്ടു വന്ന
മനുഷ്യൻ ഇട്ട
‘
കൊളുത്തിൽ
ഞാൻ ‘കുരുക്കിൽ‘
ആവുവോളം...

# പ്രണയം..

വെടിവെ ക്കുന്നൂ
കുത്തുന്നു
കഴുത്ത് മുറിക്കുന്നു
പെട്രോൾ ഒഴിക്കുന്നു
കത്തിക്കുന്നു.
ആസിഡ് ഒഴിക്കുന്നു
പൊള്ളിക്കുന്നൂ
കൊല്ലാൻ
ഒരൊറ്റ കാരണം
‘പ്രണയം‘
ആണത്രേ....



സി.വി. സത്യൻ

നീയൊരിക്കൽ
പറഞ്ഞതോർമ്മ -
വരുന്നുണ്ടിപ്പോൾ ...
എന്റെ നെഞ്ചിൽ
ഒരു പ്രണയ ധനുസ്സായി.......
ഗസലുകൾ പാടീ....
തനിയെ തുഴഞ്ഞ് ....

ഉടയാത്ത എൻ കരിവളകൾ ...
കിലുക്കിക്കിലുങ്ങി ,
ഒരു താരാട്ടുപാട്ടായ്
അമരത്തൊറ്റക്കിരുന്ന് ....
തനിയെ കിന്നാരിച്ച്,
പുന്നാരിച്ച് ....
ഒരു കവിത മൂളി .....
എന്നകതാരിലെ
താളത്തിൽ ലയിച്ച് ....
നീ കേട്ടിരുന്നോ ?

നീയൊരിക്കൽ
പറഞ്ഞതോർമ്മ
വരുന്നുണ്ടിപ്പോൾ ....

ഞാനിന്ന്
ആ സ്നേഹരാഗത്തിൽ
മുങ്ങി നിവർന്ന് കവിത
മൂളിയത് .
പ്രണയാദ്രതയിൽ ....



കയ്യുമ്മു കോട്ടപ്പടി

# പ്രണയാദ്രതയിൽ



# ഉന്മാദം

കവിത



ദർശന

എന്റെ ജാലകങ്ങൾക്കപ്പുറം
സ്ട്രാമോണിയം നിറയെ പൂക്കുന്ന
ഏതോ യാമത്തിൽ
അതിന്റെ മത്ത് പിടിപ്പിക്കുന്ന
സുഗന്ധത്തെയാവാഹിച്ചു
ഞാനൊരുന്മാദിനിയാകാറുണ്ട്.

അന്നേരം ഏതോ വിഭ്രാന്തിയിലേക്കെന്റെ
ചിന്തകളെ തുറന്നു വിടും .

കാറ്റു പിടിച്ചു ഭ്രാന്തമായി
അലയുന്ന  പായ് വഞ്ചി പോലെ
ദിനരാത്രങ്ങളുടെ ജനിമൃതികൾ
മറന്നുപോയവളാകാറുണ്ട്.

എന്തിനെന്ന് നിങ്ങൾ ചോദിക്കും.
അത് പക്ഷെ എനിക്ക് മാത്രം
അറിയാവുന്ന ഒരു രഹസ്യം.

ഏതോ പൈൻ മരക്കാടുകൾക്കിടയിൽ
പൂത്തുനിൽക്കുന്ന വെളുത്ത
ഡാഫോഡിൽ പുഷ്പങ്ങൾ തേടി
ഞാനലയുമ്പോൾ
എനിക്കരികിലേക്ക് ഒരു പ്രാവ്
പതിയെ വന്നിരിക്കാറുണ്ട്.

കാതങ്ങളോളം പറന്നു ക്ഷീണിച്ച
അതിന്റെ തൂവലുകളിൽ പറ്റിപ്പിടിച്ച
മഞ്ഞ നിറത്തിലുള്ള പൊടി
കുടഞ്ഞുകളഞ്ഞ്
അതെന്നെ നോക്കി കുറുകും.

അന്നേരമതിന്റെ
കാലുകളിൽ ബന്ധിച്ച
പിച്ചളക്കൂടൊന്നു കിലുങ്ങും.
അത് എനിക്കുള്ള
രഹസ്യസന്ദേശം.

ഏഴു നദികൾക്കപ്പുറത്തുനിന്നും
ഞാൻ കണ്ടിട്ടില്ലാത്തയൊരു രാജകുമാരൻ
പ്രാചീനമായ ഏതോ ലിപികളിൽ
കുറിച്ചുവിട്ട പ്രണയസന്ദേശം

വായിക്കുവാനാകാതെ
ഞാനൊരു ചാരപ്രവർത്തകയെന്ന് കരുതി
നിങ്ങളെന്നെ രഹസ്യമായി നിരീക്ഷിക്കും

നിലാവിന്റെ സ്നിഗ്ദ്ധതയിൽ അലിഞ്ഞു
ഞാനാ സന്ദേശങ്ങൾ വായിച്ചെടുക്കാൻ
ലിപി തേടി വനാന്തരങ്ങളിലേക്ക്
യാത്രപോകുമ്പോൾ
നിങ്ങളെന്നെ രഹസ്യമായി പിന്തുടരുന്നത്
ഞാൻ അറിയാതെയല്ല.

അവന്റെ രഹസ്യലിപികൾ
ഗിരിശൃംഗങ്ങൾക്കരികിലെ ഗുഹാഭിത്തിക
ളിലാണ് ആലേഖനം ചെയ്യപ്പെട്ടിരിക്കുന്ന
തെന്ന് നിങ്ങൾ മറന്നു പോയോ?
അത്രയേറെ കഷ്ടപ്പെട്ടാണ്
ഞാനവന്റെ പ്രണയം  വായിച്ചെടുക്കുന്ന
തെന്നും.

ഇപ്പോൾ അവന്റെ സന്ദേശവാഹകരായ
സഞ്ചാരിപ്രാവുകൾ  തിരിച്ചെത്താൻ
വൈകുന്നതിൽ  വ്യഥപൂണ്ടാണത്രെ
അവനൊരു യന്ത്രപ്പറവയിൽ
സന്ദേശമയച്ചത്.

അതാകട്ടെ ഞങ്ങളുടെ രാജ്യങ്ങൾക്കിട
യിൽ
ഒരു യുദ്ധത്തിൽ
കലാശിക്കുകയും ചെയ്തു.
ഇരു രാജ്യങ്ങളുമിപ്പോൾ
ചരിത്രാതീത യുഗങ്ങളിൽ തകർന്നടിഞ്ഞ
ഏതോ സംസ്കാരങ്ങളുടെ അവശിഷ്ടങ്ങ
ളെപ്പോലെ.
അതിരുകൾ ഇപ്പോഴും
പുകയുന്നുണ്ട്.

തകർന്ന രാജ്യത്ത് നിന്നും
പലായനത്തിന്റെ പാതകൾ
തേടുകയാണവൻ.

ഞാനോ  വഴുതുന്ന നോവുകളെ
വരുതിയിലാക്കാനാവാതെ
നീലയുമ്മത്തിൻ പൂക്കൾ തേടി തകർന്ന
തടവറയുടെ വാതായനങ്ങളിലൂടെ
നൂണ്ടിറങ്ങുന്നു.



മനീഷ മുകേഷ്ലാൽ

# വംശനാശം സംഭവിക്കുന്നവർ

കാണ്മാനില്ല,
പരസ്യം നൽകണം.
പത്രമാഫീസിന്റെ
പടികൾ കിതച്ചു കയറി.
ആരെയൊക്കെയാണ്
കാണാതായത്?
ഫോട്ടോയും, വിവരവും
വേണമല്ലോ

പതിഞ്ഞ ചിത്രങ്ങൾ
ആകെയും മനസിലായിരുന്നു.
കാണാതായത്
ഒരു കൂട്ടം മനുഷ്യരെയും ..
പേരറിയാത്ത പലർ..
മനുഷ്യൻ എന്ന വിളിക്കർഹർ.
ജീവിതയാത്രയിൽ
പലയിടങ്ങളിൽ
കണ്ടുമുട്ടിയവർ
മതം ചോദിക്കാതെ
മധുരം പകർന്നവർ.

പെരുമഴയിൽ
കുതിർന്നു നിന്നപ്പോൾ
കുട പകുത്തു നൽകിയവൻ,
പൊരിവെയിലിൽ
കരിഞ്ഞുപോയപ്പോൾ
കുടിനീർ നീട്ടിയവൻ,
വിശന്ന വയറിനു
പൊതിച്ചോർ
പങ്കിട്ടവൻ..
വഴിതെറ്റിയ രാത്രിയിൽ
നിലാവെട്ടമായവൻ.
തളർന്നു വീണ
ഉടലിനെ ആശുപത്രിയിൽ
എത്തിച്ചവൻ,
പേരോ, ഊരോ
കുലമോ, കർമ്മമോ
തിരയാതെ
ഉയിരിനെ കാക്കാൻ
രക്തം നൽകിയവൻ..
വേലയും,
നേർച്ചയും
പെരുന്നാളും
ഒരുപോലെ
കൊണ്ടാടിയവൻ..
ഈയിടെ
അപ്രത്യക്ഷമായ
ഒരു കൂട്ടം
നന്മമരങ്ങൾ.
വംശനാശം വരും മുൻപേ
കണ്ടെത്തണം..
അതിന് ഈ
പരസ്യം നൽകിയെ
തീരു..
വിറക്കുന്ന ചുണ്ടുകളാൽ
അയാൾ പറഞ്ഞു നിർത്തി.

പേരും, ഊരും
എഴുതി
ഒപ്പിട്ടോളൂ
പരസ്യം നൽകാം.
മറുപടി കേട്ട്
പത്രമാഫീസിൽ
നിന്നും കിതച്ചിറങ്ങി.
ആൾക്കൂട്ടത്തിൽ
അയാൾ
അപ്രത്യക്ഷനായി.



# പരേതൻ

മരിച്ചെന്നു തോന്നുന്നതാണ്
നിശ്വാസത്തിന്റെ ഒരു ചെറുകാറ്റ്
മുറികളിലാകെ
കയറിയിറങ്ങുന്നുണ്ട്.
പിഞ്ഞിയഉടുപ്പിലെ
വിയർപ്പുഗന്ധമിന്നും
വയലിലേയ്ക്കിറങ്ങിയിട്ടുണ്ട്.
കിണറ്റിൻകരയിലെ ചെറുകല്ലിൽ
കാലുരച്ചുകഴുകുന്നുണ്ട്
തുളവീണവള്ളിച്ചെരുപ്പ്
മുറ്റത്തു കാത്തുകിടപ്പുണ്ട്.
ഇറയത്തൂന്നൊരു കാലൻകുട
വെയിൽകൊള്ളാനിറങ്ങുന്നുണ്ട്.
തട്ടിയുംതടഞ്ഞും
ഇരുട്ടിൽനടന്ന്
ഒച്ചയില്ലാതെ ശകാരിക്കുന്നുണ്ട്.
അകത്തൊരുവളുടെ
നനഞ്ഞ കൺപീലിയിൽതൂങ്ങി
മഴനൂലായിറങ്ങുന്നുണ്ട്.
മരിച്ചെന്നു വെറുതെതോന്നുന്നതാണ്.



ഷേർലി മണലിൽ

കവിത

# മറുവാദം



അച്യുത് എ രാജീവ്

ഒരു കരിയിലയിൽ
എരിഞ്ഞടങ്ങുമായിരുന്ന
അഗ്നിനാളമാണ്
കാറ്റിന്റെ തുടർച്ചയായ
പീഡകളിൽ ഭ്രാന്തെടുത്ത്
കാടാകെ ചുട്ടെരിച്ച
കാട്ടുതീ

ഇരുണ്ട നിറത്തിൻ പേരിൽ
പരിഹസിക്കപ്പെട്ട
മേഘങ്ങളുടെ കണ്ണീര് കണ്ട്
ലോകത്തോടുള്ള
ആകാശത്തിന്റെ
പരുഷമായ വിരട്ടലാണ്
ഇടിമിന്നൽ

കരയെ ഇനിമേൽ
തൊട്ടുപോകരുതെന്ന്
ചൊല്ലി
മുന്നിൽ നിരന്നുനിന്ന
കരിങ്കൽകൂട്ടങ്ങളെ
മറികടന്നുള്ള
കടലിന്റെ ആലിംഗനമാണ്
കടൽകയറ്റം

ഭൂമിയുടെ വസ്ത്രമായ
പച്ചക്കാടുകളെ
ബലമായുരിഞ്ഞ
ധാർഷ്ട്യത്തോടുള്ള
രോഷത്താൽ വിറയാർന്ന
പ്രതികരണമാണ്
ഭൂമികുലുക്കം

നാടെങ്ങും നടമാടുന്ന
ഹിംസകളിൽ
അരിശംപൂണ്ട്
കാറ്റ് കെട്ടിയാടിയ
സംഹാരരൂപിയായ
തെയ്യക്കോലമാണ്
ചുഴലിക്കാറ്റ്

പുഴയ്ക്ക്
കൂടുതൽ പ്രിയമാരെയെന്ന
ഇരുകരകളുടെ
നിലയ്ക്കാത്ത തർക്കം കണ്ട്
രണ്ട് വശത്തേക്കും
പുഴ ഒഴുകി പരന്നതിന്റെ
പേരാണ് പ്രളയം.



# സായാഹ്നം



താന്നിപ്പാടം ശശി

കണ്ണിമ പൂട്ടാതെ നാം രണ്ടുമിങ്ങനെ-
യന്യോന്യം നോക്കിയിരിക്കെ
ചെന്നെത്തും സ്വർഗ്ഗീയവനികയിലാശ്ലേഷ-
ബദ്ധരായ് നാമെത്ര വേഗം

സായാഹ്നരശ്മിതൻ ചെങ്കതിർ വീഴവെ-
യാകെത്തരിക്കുന്നു ലോകം
തീരവുമീറനണിയുന്നു സാഗര-
തിരകൾക്കുമാവേശമേറി

ഒന്നെന്തോ ചോദിക്കാനായും തിരച്ചുണ്ടിൽ
വർണ്ണപരാഗം പരക്കെ
നനവാർന്ന ചുണ്ടു വിടർത്തുന്നു തീരം
ചുംബനച്ചൂടേറ്റുവാങ്ങാൻ

വീണൊരാ കുറുനിരയൊതുക്കും കാറ്റിന്റെ
കുസൃതിയിൽ മിഴിയൊന്നിളകെ
അർത്ഥപ്രകാശമറിഞ്ഞപോൽ നീ വൃഥാ
മിഴിമുന കൂർപ്പിച്ചു നോക്കി

അകലെ തല്പത്തിലിരുളും വെളിച്ചവും
പുണരാതെ പുണരുന്ന നേരം
ഇമവെട്ടാനോട്ടവും നോക്കി നാമന്യോന്യം
പരിസരം പാടെ മറന്നു.



# യുദ്ധം ബാക്കിവെച്ചത്

വാനിലുയരുന്നു പകയുടെ കറുത്ത പുകയും
വെന്തു കരിഞ്ഞു മണക്കുന്നു മാംസവും
കളിക്കോപ്പിനായോടുന്ന ബാല്യത്തെ
വെടിക്കോപ്പിനാൽ തടയുന്നു കാട്ടാളരും.

മാറു ചുരത്തുമാ അമ്മയുടെ
മാറു പിളർക്കുന്നു വെടിയുണ്ടകൾ
വെണ്മയേറുന്ന പാലിലോ പടരുന്നു,
ഭീതി നിറക്കും ചുവപ്പു കലരുന്നു.

നിലക്കാതുയരുന്നു ആർത്ത നാദങ്ങളും
തമ്മിലിടഞ്ഞു ചിതറുന്ന തീ ജ്വാലയും
എങ്ങുമാളിപടർന്നു പിടിക്കുന്നു
ജീവനെയാകെ വിഴുങ്ങുന്നു.

കുടിച്ചിറക്കുന്ന നീരിലും രക്തം രുചിക്കുന്നു
കൂട്ടമായ് മരണം വിഴുങ്ങുന്ന നേരം.
നിരന്നു മലച്ചു കിടക്കുന്നു മാനവർ
വിൽപ്പന വസ്തു പോൽ നിശ്വാസമില്ലാതെ.

തീയുണ്ട തുപ്പുന്ന പക്ഷിയെയും നോക്കി
മരണം മണത്തവർ നിമിഷങ്ങളെണ്ണുന്നു
ഭീതിയാൽ നിദ്രയിൽ ഞെട്ടിയുണരുന്നു
നഷ്ട ബന്ധങ്ങളാൽ നീറി പുകയുന്നു.

ചിന്നി ചിതറിയ ദേഹത്തിനരികിൽ
ശവംതീനിയാം കഴുകന്റെ കൂടെ
വിശപ്പിന്നാലെരിയുന്ന വയറുമായ് പൈതങ്ങൾ
ഉണരുന്ന അമ്മയ്ക്ക് കാവലിരിക്കുന്നു.

രാത്രികൾ പോലും പകലുകളാവുന്നു
കത്തിയമരുന്ന അഗ്നിയിൽ നിന്നും
പാതിവെന്തവർ പ്രാണനു വേണ്ടി
പിടയുന്ന കാഴ്ച്ചയോ ദയനീയചിത്രം.



ഷബ്ന അബൂബക്കർ



# വൈകിയെങ്കിലും....

വിശ്വാസത്തിന്റെ തലയിൽ മുണ്ടിട്ട്
ഭൗതിക ചിന്തകളുടെ
ആൾക്കൂട്ടത്തിനിടയിലൂടെ
നടക്കുമ്പോഴും തന്നിലേക്ക്
ഉറ്റുനോക്കുന്ന സ്വാർത്ഥതയെ
കണ്ണടച്ച് ഇരുട്ടിൽ കിടത്തിയാണ്,
സാംസ്ക്കാരിക നടുത്തളങ്ങളിലെ
ഉറവ വറ്റിയ പുരോഗമന
ചിന്തകളിൽ കൂട് കൂട്ടിയിരുന്നത്.
വളവുകൾ തിരിഞ്ഞെത്തുന്ന
ഉറക്കച്ചടവുള്ള
പ്രത്യയശാസ്ത്ര ചിന്തകൾക്ക്
പഴകിയ മണം
സഹിക്കവയ്യാതായപ്പോഴാണ്
നൂറ്റാണ്ടുകൾ പഴകിയതെങ്കിലും
ഇന്നും തുറന്നു വച്ചിരിക്കുന്ന-
ചിതലരിച്ച് മാറാല കെട്ടി
പൊടിപിടിച്ച് മങ്ങിപ്പോയവയെ
അടച്ചുവെച്ച്, മാറിയ ലോകത്തിന്റെ
കാഴ്ചകളിലേയ്ക്ക്
പ്രകൃതിയെചേർത്തുനിർത്തുന്ന
മാനവികതയുടെ
ഉറവ വറ്റാത്ത
പുതിയ ചിന്തകൾ സാംസ്ക്കാരിക
നടുത്തളങ്ങളിൽഒഴുകി തുടങ്ങിയത്.



വി.ജി മുകുന്ദൻ



# യുദ്ധഭൂമിയിൽ...

കരിങ്കടലായിപെയ്തൊടുക്കുവാൻ
പടഹ ഭേരികൾമുഴക്കിവന്നിതാ
കറുത്ത കാലനായ്ചിതറുമഗ്നിയും
പൊടിപെടുത്തിടുംനഗര മോടിയും

ഭയപ്പെടുത്തിടുംഇടിനിനാദവും
ചകിത മാനസം വെന്തു നീറുന്നു
തകർന്നടിയുന്നുനഗര സംസ്കൃതി
കരിഞ്ഞു വീഴുന്നുഗ്രാമ സൗഭഗം

നിലവിളികൾക്ക്ചെവികൊടുക്കാതെ
അധിനിവേശത്തിൻരഥമുരുളുന്നു
ഞെരിഞ്ഞമരുന്നുപതിത ജന്മങ്ങൾ
മരിച്ചു വീഴുന്നുമനുഷ്യനന്മകൾ

നദികൾ ചോക്കുന്നു ഉടൽ കടയുന്നു
തെറിച്ചു വീഴുന്നുമനുഷ്യമാംസവും
തെരുവുകൾ തോറുമാർത്ത രോദനം
ചിതറിയോടുന്നുപല വഴിയ്ക്കായി

കിടപ്പു രോഗികൾവയസ്സു ചെന്നവർ
അവശരാർത്തരാം ബലിമൃഗങ്ങളെ
ഭരണയന്ത്രങ്ങൾചതച്ചരയ്ക്കുന്നു
പകയൊടുങ്ങാതെദുരിതമേദിനി
പകുത്തെടുക്കുവാൻ പടനയിക്കുന്നു.

പല തലമുറ പെറ്റ മക്കളെ
കുരുതിതർപ്പിച്ചു ഭ്രാന്തചിന്തകൾ
കഠിന വഴികളിൽ കനിവു നീട്ടിയ
മനുഷ്യസംസ്കൃതി വിറങ്ങലിക്കവെ
ഉറഞ്ഞു തുള്ളുന്നുകൊലവിളിയോടെ
ചരിത്രബോധത്തെപരിഹസിക്കുന്നു



**കല്ലൂർ ഈശ്വരൻ പോറ്റി**

നിഷ്ക്കളങ്കരാം മനുഷ്യ ചേതന
അഗ്നിവർഷത്തിൽചത്തൊടുങ്ങുന്നു
പാലകർ തന്നെയന്തകരായിട്ടന്ധത-
യാലേ ചുട്ടു നീറ്റുന്നു രക്തരൂക്ഷിതം

കൊന്നിടുന്നവർ കൊല്ലപ്പെടുന്നവർ
ഇക്ഷിതി തന്റെ പൊന്നുമക്കളും
ജയിച്ചു കേറിലും തോറ്റതിൻ സമം
ബാക്കിയാവുന്നു ഹീന ജന്മങ്ങൾ

ദുരിതവും പേറി ജന്മനാട്ടിൽ നിന്ന-
ഭയരക്ഷാർത്ഥമോടി പോകവെ
എന്തു നേടിയീ യുദ്ധഭൂമിയിൽ
നഷ്ടമായതോ മനുഷ്യ സംസ്കൃതി.





മാഗ്ളി ജാക്സൺ

# ഇഷ്ടമാണ് നൂറു വട്ടം

'സൗമ്യ മോളെ എന്താ നീ തനിയെ ശ്രീ വന്നില്ലേ ..?എന്തുപറ്റി മോളെ അമ്മയോടു പറ .

സൗമ്യ കരഞ്ഞു കൊണ്ട് പെട്ടിയുമെടുത്ത് അകത്തേക്ക് പോയി '

മോൾക്കെന്തു പറ്റിയെന്നറിയാതെ പൊന്നമ്മ മോളുടെ പോക്കും നോക്കി നിന്നു '

മധുവിനും പൊന്നമ്മയ്ക്കും മുന്നു മക്കളിൽ ഇളയവളാണ് സൗമ്യ ,.

മുത്ത രണ്ടാൺ മക്കൾ രണ്ടു പേരും മദ്ധ്യ പ്രദേശിലാണ് '

സൗമ്യയുടെ വിവാഹം കഴിഞ്ഞിട്ടു ആറു മാസമായി മദ്രാസിലാണ് ശ്രീക്ക് ജോലി. അവൾ വരുന്നതിനെ പറ്റി ഒരു കത്തു പോലും അയച്ചില്ല .

സംശയങ്ങൾ മനസ്സിൽ തിരമാല പോലെ മാറി മറിഞ്ഞു കൊണ്ടിരിന്നു....

സൗമ്യ പെട്ടി കട്ടിലിനടിയിലേക്ക് വലിച്ചെറിഞ്ഞു കട്ടിലിൽ കയറി കിടന്നു....

പൊന്നമ്മ വന്നു നോക്കിയപ്പം കമിഴ്ന്നു കിടക്കുകയാണ് സൗമ്യ അവർ കതകു പതുക്കെ ചാരി അടുക്കളയിലേക്ക്

പോയി അവളുടെ വിഷമങ്ങൾ കരഞ്ഞു തീർക്കട്ടേ പക്ഷേ അവൾക്കെന്താ പറ്റിയേ സ്വയം മനസ്സിനോടു ചോദിച്ചു...

സൗമ്യയെ ഓർമ്മകൾ പിറകിലേക്ക് വലിച്ചു കൊണ്ടു പോയി ....

വിവാഹാലോചന വന്നുപയ്യനു കാനറാ ബാങ്കിൽ ജോലി കാണാൻ സുന്ദരൻ ഒ

റ്റ മോൻ അച്ഛനു ബിസിനസ്സ് രണ്ടു നില വീട് മദ്രാസിൽ താമസം.ബന്ധുക്കളും സുഹൃത്തുക്കളും വളരെ സന്തോഷിച്ചു സൗമ്യയുടെ ഭാഗ്യം .....

വിവാഹം വളരെ ആർഭാടമായ് നടന്നു അച്ഛനോടും അമ്മയോടും ചേട്ടൻമ്മാരോടും ഒക്കെ യാത്ര പറഞ്ഞു അന്നു തന്നെ മദ്രാസിലേക്ക് ഫ്ലെയിറ്റിൽ പറന്നു ആദ്യമായാണ് കേരളം വിട്ടു പോകുന്നത് ...

പുറത്തെ കാഴ്ച്ചകളെല്ലാം നോക്കിയിരുന്നു

ശ്രീയേട്ടൻ എന്റെ മുഖത്തു നോക്കുകയോ സംസാരിക്കുകയോ ചെയ്യുന്നില്ല എന്നെ ഇഷ്ടമില്ലാതെയാണോ വിവാഹം കഴിച്ചത് ചോദിക്കാം രാത്രിയാവട്ടേ. മദ്രാസിലെത്തി ഫ്ലെയിറ്റ് ലാന്റു ചെയ്യാൻ സമയമായി സീറ്റ് ബെൽറ്റിടുക എന്നുള്ള അനൗസ്മെന്റ് വന്നു എയർപോർട്ടിൽ നിന്നും ഇറങ്ങി ....ഒരു ബെൻസുകാർ ഞങ്ങൾക്കരികിലെത്തി ഞാനും അമ്മയും ശ്രീയേട്ടനും ബാക്കിലെ സീറ്റിൽ ഇരുന്നു അച്ഛൻ മുൻ സീറ്റിലിരുന്നു.

വിവിധ വർണ്ണങ്ങളിലുള്ള ലൈയ്റ്റുകൾ വലിയ ഒരു രണ്ടു നില കെട്ടിടത്തിനു മുൻപിൽ കാർ നിന്നു ഡ്രൈവർ ഇറങ്ങി ഗെയിറ്റു തുറന്നു....

അകത്തു നിന്നും അമ്മയുടെ അനുജത്തി എന്നു തോന്നിക്കുന്ന മുഖശ്രീയുള്ള ഒരു സ്ത്രീ കയ്യിൽ നിലവിളക്കുമായ് വന്നു എന്റെ കയ്യിൽ നിലവിളക്കു തന്നിട്ട് വലതു കാൽ വച്ചു അകത്തേയ് കയറാൻ പറഞ്ഞു .... 'വസുന്തരെ സൗമ്യയെമുറി കാണിച്ചു കൊടുക്ക് 'അമ്മയുടെ അനുജത്തി യായിരുന്ന അവർ ....

വലിയ ഒരു ബെഡ്റൂം മനോഹരമായ് അലങ്കരിച്ചിരിക്കുന്നു ... തലയിൽ നിന്നും മുല്ല പൂ എല്ലാം അഴിച്ചു വയ്ക്കാൻ ചെറിയമ്മ സഹായിച്ചു പുതിയ ചൂരിദാർ കയ്യിൽ തന്നിട്ടു പറഞ്ഞു .....

'കുളിച്ചിട്ടു വരു എന്നിട്ട് എല്ലാവരെയും പരിചയപ്പെടാം '

ചെറിയമ്മയെ നോക്കി ഒന്നുപുഞ്ചിരിച്ചു.

താഴെയ്ക്ക് ചെന്നു ശ്രീയേട്ടനെ അവിടെ എങ്ങും കണ്ടില്ല ....കുട്ടുകാരികൾ പറഞ്ഞു തന്നത് ഇതു പോലായിരുന്നില്ല എപ്പോഴും കുടെ ഉണ്ടാകും അവസരം നോക്കിയിരിക്കും കവിളിൽ ചുംബനം നൽകാൻ എന്നൊക്കെ പക്ഷേ ഒന്നു മിണ്ടുക പോലും ചെയ്തില്ല ഇതുവരെ .....



രാത്രിചെറിയമ്മ തന്ന പാല് ഗ്ലാസ് കയ്യിൽ പിടിച്ചു കൂട്ടുകാരികൾ പറഞ്ഞു തന്ന മധുരാനുഭവങ്ങൾ നുകരാനായ് അകത്തുചെന്നു ഗ്ലാസ് മേശമേൽ വച്ചു കതകടച്ചു ശ്രീ ഏട്ടനു മുന്നിലേക്ക് പാൽ ഗ്ലാസു നീട്ടി .....

'എനിക്കു വേണ്ട കുടിച്ചോളു '

ശ്രീ ഏട്ടന്റെ മുഖത്തേയ്ക്കു നോക്കി ആ മുഖത്ത് നിർവികാരത തളം കെട്ടി നിൽക്കുന്നു.

കട്ടിലിൽ നിന്നു എഴുന്നേറ്റിട്ട് .....

'സൗമ്യ കിടന്നോളു എനിക്കു കുറച്ചു ജോലി യുണ്ട്'

ഇതാണോ ആദ്യരാത്രി ജീവിതാന്ത്യം വരെ ഒരുമയോടെ ഒരിക്കലും പിരിയാതെയും പിണങ്ങാതെയും ഇരിക്കട്ടേ എന്നു പറഞ്ഞ് യാത്രയാക്കിയത് ... ഉറങ്ങാൻ കഴിഞ്ഞില്ല....

രാവിലെ ചെറിയമ്മ കളിയാക്കി....

'ഇന്നലെ ഉറങ്ങാൻ കഴിഞ്ഞില്ല അല്ലേ ഉറക്കച്ചടവുണ്ട് പ്രാതൽ കഴിച്ചു കിടന്നുറങ്ങിക്കോളു '

ആഴ്ചകളും മാസങ്ങളും കടന്നുപോയി അച്ഛന്റെയും അമ്മയുടെയും സ്നേഹത്തിനുമുൻപിൽ എല്ലാം സഹിച്ചു.

ഇന്നു ശ്രീ ഏട്ടനോടു സംസാരിക്കണം ഒരു ബാച്ചിലർ ആയിജീവിക്കണമായിരുന്നെങ്കിൽഎന്തിനാ യിരുന്നു എന്നെ വിവാഹം കഴിച്ചത് ....?

കൂട്ടുകാരികൾ വിളിച്ചു ഓരോന്നു ചോദിക്കും എന്തു പറയാനാ അവരോട് ഇന്നും ഞാൻ കന്യകയാണെന്നോ ....?

ശ്രീയേട്ടൻ ആരെയെങ്കിലും പ്രണയിച്ചിരുന്നോ ....? അമ്മയും അച്ഛനും ആവിവാഹത്തിനു സമ്മതിക്കാത്തതു കൊണ്ടായിരിക്കുമോ എന്നെ വിവാഹം കഴിച്ചത് .....?

മറ്റുപടി ഒന്നും പറയാതെ ശ്രീ ഏട്ടൻ പുറത്തേക്ക് പോയി ...

തേനിച്ച കൂടു പോലെ ഹൃദയത്തിൽ ഉത്തരം കിട്ടാത്ത ചിന്തകൾ കുടു കൂട്ടി ....

'മോളെ സൗമ്യവിവാഹം കഴിഞ്ഞിട്ടു നിങ്ങൾ കേരളം വിട്ടു എങ്ങും പോയിട്ടില്ലല്ല. ഞാൻ നിങ്ങൾക്കുവേണ്ടി രണ്ടു ടിക്കറ്റ് എടുത്തിട്ടുണ്ട് ദുബായിലേക്ക് അവിടെ പുഷ്പമേള നടക്കുകയാണ് അടുത്ത ആഴ്ച പോവേണ്ടിവരും '

അച്ഛന്റെ വാക്കുകളായിരുന്നു .....

ദുബായിലേക്ക് പോയാൽ എന്റെ കുട്ടുകാരി ആതിരയെനേരിട്ടു കാണാം ഒരുമിച്ചു കോളേജിൽ പഠിച്ചതാണ് അവളോടാണ് എന്റെ സങ്കടങ്ങൾ പങ്കുവെയ്ക്കുന്നത്.

ദുബായിൽ ഫ്ലെയിറ്റിറങ്ങി ഞങ്ങൾക്കായ് ബുക്ക് ചെയ്ത ഹോട്ടലിൽ നിന്നും കാർ അയച്ചു തന്നു വലിയ ഹോട്ടൽ റൂമൊക്കെ നന്നായ് അലങ്കരിച്ചിരിക്കുന്നു ....

ഉച്ചയ്ക്കത്തെ ഊണു കഴിഞ്ഞ് ശ്രീ ഏട്ടൻ ഞാൻ ഒന്നു പുറത്തുപോയി വരാം എന്നു പറഞ്ഞിട്ടു പുറത്തേയ്ക്ക് പോയി .....

എന്തിനാണ് അച്ഛൻ ദുബായിലേക്ക് ഞങ്ങളെ അയച്ചത് ?

'ശ്രീ ഏട്ടനു തനിയെ പോവണമെങ്കിൽ എന്നെ എന്തിനാ കൂട്ടിയെ'

മറുപടി ഒന്നും പറയാതെ പുറത്തേക്ക് പോയി ....

ഞാൻ ആതിരയെ വിളിച്ചു.

'സൗമ്യ ഞാൻ നാളെ ലീവെടുത്തിരിക്കയാണ് പത്തു മണിക്കു ഞാൻ വന്നുനിങ്ങളെ കുട്ടിക്കൊണ്ടുപോരാം '

ശരി എന്നു പറഞ്ഞു ഫോൺ വച്ചു......

രാവിലെ തന്നെ ഞാൻ റഡിയായി ശ്രീ ഏട്ടൻ എഴുന്നേറ്റിട്ടില്ല ....

'ശ്രീ ഏട്ടാ ആതിര ഇന്നുപത്തു മണിക്കു വരും

എഴുന്നേറ്റ് പോയി കുളിച്ചു റെഡിയാകു '

'ആതിരയ്ക്കൊപ്പം നീ പൊയ്ക്കോ

ഞാൻ വരുന്നില്ല '

'ഞാൻ കുറച്ചു നാളായ് ചോദിക്കണമെന്നു കരുതിയിട്ട് നിങ്ങൾ എന്തിനാണ് എന്നെ വിവാഹം കഴിച്ചത് ? വീട്ടിലായിരുന്നപ്പം അച്ഛനും അമ്മയും കേൾക്കുമെന്നു കരുതി ക്ഷമിച്ചു ഇനി വയ്യാ നിങ്ങൾക്കാരോടെങ്കിലും പ്രണയം ഉണ്ടായിരുന്നെങ്കിൽ എന്റെ ജീവിതം കൊണ്ടു കളിക്കണമായിരുന്നോ .....?

'നിനക്കിതു വരെഎന്തിനെങ്കിലും കുറവു വരുത്തിയിട്ടുണ്ടോ ...?

'ഒരു ഭാര്യക്കാവശ്യം ഭർത്താവിന്റെ സ്നേഹവും ലാളനയുമാണ്

ഇത് അപരിചിതരെ പോലെ കട്ടിലിൽ രണ്ടു ശരീരങ്ങൾ ..'

ഒന്നും മറുപടി തരാതെ ശ്രീയേട്ടൻ ഫോണിൽ സംസാരിച്ചു കൊണ്ടു പുറത്തേയ്ക്കിറങ്ങി ..

ആതിര വന്നപ്പം അവളോടു കള്ളം പറഞ്ഞു

'ശ്രീ ഏട്ടനു അത്യാവശ്യമായി ഒരിടം വരെ പോണമായിരുന്നു.'

'ശരി എങ്കിൽ നമുക്ക് പോവാം '

ആതിരയോട് അവൾ മനസ്സു തുറന്നു ഹൃദയത്തിലെ നൊമ്പരങ്ങൾ എല്ലാം ചൊരിഞ്ഞിട്ടു.

'ശ്രീയെ ഒരു ഡോക്ടറെ കാണിച്ചാലോ

ലൈംഗിക ശേഷി ഇല്ലാത്തതു കൊണ്ടാകാം ഇങ്ങിനെയൊക്കെ പിന്നേ വീട്ടുകാരോട് പറയാൻ പറ്റില്ലല്ല അതുകൊണ്ടു നിന്നെ കരുവാക്കി.'

വൈകുന്നേരം ജോലി കഴിഞ്ഞു ആതിരയുടെ ഭർത്താവു സുരേഷ് വന്നു .

എന്നെ അവൾ ഭർത്താവിനു പരിചയപ്പെടുത്തി ...

ആതിരഅയാൾക്ക് ചായ എടുക്കാനായിട്ടു പോയപ്പം സുരേഷിന്റെ കണ്ണുകൾ എന്നെ ഉഴിയുകയായിരുന്നു അയാളുടെ നോട്ടവും സംസാരവും എനിക്കിഷ്ടമായില്ല..

ആതിരയോടു പറഞ്ഞു എന്നെ ഹോട്ടലിൽ കൊണ്ടു വിടാൻ ....

'എന്തുപറ്റി ഇന്നിവിടെ എന്റെ ഒപ്പം നിൽക്കാമെന്നു പറഞ്ഞിട്ട് '

'ഇല്ല എനിക്കു പോവണം '

'ശരി എങ്കിൽ പോവാം ചേട്ടാ ഇവളെ കൊണ്ടുപോയി വിട്ടിട്ടു വരാം '

ആതിര കാർ ഹോട്ടലിനു മുന്നിൽ പാർക്ക് ചെയ്തു സൗമ്യ കാറിൽ നിന്നിറങ്ങി ആതിരയ്ക്ക് ബൈ പറഞ്ഞു ഹോട്ടലിനകത്തേയ്ക്ക് കയറി ....

മുറിപൂട്ടിയിരുന്നില്ല തള്ളിയപ്പം തന്നെ തുറന്നു

ബെഡ് റൂമിൽ ചെന്നു നോക്കിയപ്പം നല്ല വെളുത്ത സുന്ദരനായ ചെറുപ്പക്കാരനും ശ്രീയേട്ടനും പൂർണ്ണ നഗ്നരായ് കെട്ടി പുണർന്നു കിടക്കുന്നു.....

ഹാളിൽ വന്നിരിന്നു കരയാനെ കഴിഞ്ഞുള്ളു ഹൃദയത്തിലേക്ക് നാരകത്തിന്റെ മുള്ളു തറയ്ക്കുന്ന പോലുള്ള വേദന ..... കൂടെ ഉണ്ടായിരുന്ന ആൾ പോയതിനു ശേഷം ശ്രീയേട്ടൻ എന്റെ കാലിൽ പിടിച്ചു ക്ഷമാപണം നടത്തി. 'മുഖ പുസ്തകത്തിൽ കൂടി പരിചയപ്പെട്ടതാണ് ഞങ്ങൾ വിവാഹിതരാകാൻ തീരുമാനിച്ചതാണ് അപ്പോഴാണ് ഈ വിവാഹാലോചന വന്നത് അച്ഛന്റെയും അമ്മയുടെയും ആത്മഹത്യ ഭീഷണിക്കു മുൻപിൽ എനിക്കു

സമ്മതിക്കേണ്ടി വന്നു നീ ക്ഷമിക്കണം ....

'നിങ്ങൾ എന്നോട് ഈ ചതി ചെയ്യേണ്ടി ഇല്ലായിരുന്നു. എത്ര പ്രതീക്ഷയോടെയാണ് ഓരോ യുവതികളും വിവാഹത്തിനു തയ്യാറാവുന്നത്

എനിക്കിന്നു തന്നെ നാട്ടിൽ പോവണം'

പിറ്റേ ദിവസത്തേയ്ക്ക് ടിക്കറ്റ് ശെരിയാക്കി നാട്ടിലെത്തി .....

അമ്മ ഊണു കഴിക്കാൻ വന്നു വിളിച്ചപ്പഴാണ് പറന്നു പോയ മനസ്സിനെ തിരിയെ കൊണ്ടുവന്നത് ....

അമ്മ എന്റെ അടുത്തു വന്നിരുന്നപ്പം എന്റെ നിയന്ത്രണമെല്ലാം വിട്ടു പോയി അമ്മയെ കെട്ടിപ്പിടിച്ചു എന്റെ ഉള്ളിലുണ്ടായ നൊമ്പര കണ്ണുനീരെല്ലാം ഒഴുക്കിക്കളഞ്ഞു എല്ലാം അമ്മയോടു പറഞ്ഞു....

'മോളി തെന്തൊനേരത്തേ പറയാതിരുന്നേ '

'എല്ലാം ശരിയാകുമെന്നു കാത്തിരിന്നു "അച്ഛൻ വന്നിട്ടു നമുക്ക് വിവാഹ മോചനത്തിനു അപേക്ഷ കൊടുക്കാം നീ വിഷമിക്കണ്ടാ '

'ആഴ്ചകളും മാസങ്ങളും ഓടികൊണ്ടിരുന്നു

'ചേട്ടാ ഒരു കാര്യം എന്റെ മനസ്സിൽ കിടന്നു പുഴുവരിക്കാൻ തുടങ്ങിയിട്ടു വർഷങ്ങളായി ഇനിയും ഇതു പറയാതിരുന്നാൽ ശരിയാവില്ല' പൊന്നമ്മ പറഞ്ഞു നിർത്തി...

' മുഖവുര ഒന്നും വേണ്ടഎന്താന്നു വച്ചാ പറ'

'അതു നമ്മുടെ സൗമ്യയെ വിവാഹം കഴിച്ചു തരുമോ എന്നു ജയൻ എന്നോടു ചോദിച്ചായിരുന്നു നിങ്ങൾ പെങ്ങളുമായിട്ടു വഴക്കായതു കൊണ്ടാ ഞാൻ പറയാതിരുന്നത് '

' വിവാഹമോചിതയായ അവളെ ഇനി അവൻവിവാഹം കഴിക്കാൻ

സമ്മതിക്കുമോ'?

'ഞാൻ അവനോടു സംസാരിച്ചു അവനു സമ്മതമാണ് നിങ്ങൾ പെങ്ങളോടു സംസാരിച്ചില്ലയെങ്കിലും ഞങ്ങൾ തമ്മിൽ ഒരു പ്രശ്നവുമില്ല ....

'അവൾക്കിഷ്ടമാണെങ്കിൽ നടത്തി കൊടുക്കാം '

.ജയൻ അച്ഛനും അമ്മയ്ക്കുമൊപ്പം പെണ്ണു ചോദിക്കാൻ വന്നു.....

'എന്നെ വിവാഹം കഴിക്കാൻ നിനക്കിഷ്ടമാണോ '

'ചെറുപ്പം മുതൽ ഞാൻ ജയേട്ടനെ എന്റെ ഭാവിവരനായി ആണു കണ്ടിരുന്നത്പിന്നീട് അപ്പച്ചിയും അച്ഛനും ആയിട്ടുള്ള പിണക്കത്തിൽ ഞാൻ എന്റെ പ്രണയം ഹൃദയത്തിൽ മൂടി വെയ്ക്കുകയായിരുന്നു. ഇപ്പഴാണ് തുറന്നു പറയാനുള്ള അവസരം വന്നത്""!

ഇഷ്ടമാണു നൂറുവട്ടം

# ഗബ്രിയേൽ മാലാഖയോടൊപ്പം കഥയെഴുതുമ്പോൾ

**(ഡി.സി ബുക്സ് പുറത്തിറക്കിയ പി.കെ പാറക്കടവിന്റെ ഏറ്റവും പുതിയ കഥാസമാഹാരം 'കടലിന്റെ ദാഹ'ത്തിന്റെ വായന)**

**മുർശിദ് ബത്തേരി**


'സത്യമായും ഒറ്റക്ക് നടക്കുമ്പോൾ ആകാശത്തു നിന്ന് ഉറ്റിവീഴുന്ന മഴത്തുള്ളിയെ കടലാക്കാനാകുമോ എന്ന ശ്രമമാണ് എന്റെ കഥ.

ദൈവം എനിക്ക് വായിക്കാൻ തന്ന പ്രപഞ്ചത്തിന്റെ താളിൽനിന്ന് നോക്കി വരക്കുന്ന ഒരു ചിത്രം മാത്രമാണ് എന്റെ കഥ. നിങ്ങൾ വായിക്കുമ്പോഴാണ് കടലിന് ആഴമുണ്ടാകുന്നതും ചിത്രത്തിന് ജീവൻ വെക്കുന്നതും. അത്കൊണ്ട് ഈ കഥകൾ നിങ്ങളുടേതാണ്. ഈ കഥകൾ എഴുതുമ്പോൾ ജിബ്രീൽ എന്ന ഗബ്രിയേൽ മാലാഖ എന്നോടൊപ്പം ഉണ്ടായിരുന്നു'.

'കടലിന്റെ ദാഹം' എന്ന കഥാസമാഹാരത്തിന്റെ മുഖവചനത്തിൽ കഥാകാരൻ പി കെ പാറക്കടവ് കുറിച്ചിട്ട വരികളാണിത്.

തൂലികയിൽ നിന്നും നിർഗളിക്കുന്ന മഷിത്തുള്ളികളെ ആഴമേറിയ ചിന്തകളുള്ള സമുദ്രമാക്കാൻ മാത്രം കൈവഴക്കമുള്ള കഥാകാരനാണ് പാറക്കടവ്. ആ കഥകളിൽ ജീവിതത്തിന്റെ കരയും കടലുമുണ്ടാവും. ആധ്യാത്മിക ദാർശനികതയുടെ ഭൂമിയും ആകാശവുമുണ്ടാവും. ഹാസ്യനവരസങ്ങളുടെ സ്വർഗ്ഗവും നരകവുമുണ്ടാകും. വിമർശനങ്ങളുടെ പകലും രാത്രിയുമുണ്ടാകും. ഇത്തരത്തിൽ അനൽപമായ രുചിക്കൂട്ടുകളെ കോർത്തിണക്കിയ കുഞ്ഞുകഥകളുടെ വലിയ ലോകമാണ് പാറക്കടവിന്റെ അക്ഷരങ്ങൾ.

'പെരുവിരൽ കഥകൾ'ക്ക് ശേഷം പ്രകാശനം ചെയ്യപ്പെട്ട 'കടലിന്റെ ദാഹം' പ്രപഞ്ചത്തെ വെട്ടിപ്പിളർക്കുന്ന 66 മിന്നൽ കഥകളുടെ സമാഹാരമാണ്. അനുവാചകരുടെ ഹൃദയത്തെ വിടാതെ പിന്തുടരുന്ന കാന്തികതയും ഇടിമുഴക്കവും പാറക്കടവിയൻ കഥകളുടെ ജന്മസിദ്ധി യാണ്. ആ 'വിശുദ്ധ മാന്ത്രികത'യെ അനുസ്യൂതം ആവാഹിച്ചുള്ള ആഖ്യാനശൈലിയിൽ കടലിന്റെ ദാഹത്തിലും കഥാകാരൻ സമ്പൂർണമായി വിജയിച്ചിരിക്കുന്നു.




'കടൽ കണ്ടു പോരും നേരം ഒരു തിരവന്നെന്നെ തൊട്ടു. പിന്നെ ഒരു ചോദ്യം:

ഒരു തുള്ളി തരുമോ ചുണ്ട് നനക്കാൻ? ദാഹിക്കുന്നു.'

ഐശ്വര്യവും സമൃദ്ധിയും നിറഞ്ഞു കവിയുമ്പോഴും ആക്രാന്തത്തിന്റെ നാവുകൾ നീട്ടുന്ന തിരകളെ വരച്ചിടുന്ന അക്ഷരങ്ങൾ അത്യാഗ്രഹിയായി മാറുന്ന മനുഷ്യരുടെ നെറുകയിൽ ഇടിത്തീയായി വീഴുകയാണ്. ജലം ആവിശ്യത്തിലേറെയുള്ളപ്പോഴും ദാഹമകറ്റാനുള്ള ശുദ്ധ ജലത്തിന്റെ ദൗർലഭ്യത്തെ വ്യക്തമാക്കുന്ന കഥാബിംബവും പ്രതിപാദ്യ കഥയിൽ ഉൾച്ചേർന്നതായി മറ്റൊരു ദിശയിൽ നിന്നും വായിക്കുമ്പോൾ ബോധ്യമാവും. മനുഷ്യ ഹൃദയത്തിന്റെ അഴുക്കുകൾക്ക് പ്രഹരമേൽപ്പിക്കുകയും ഉത്തരാധു

നികതയുടെ പലതിനെയും അടച്ചാക്ഷേപിക്കുകയും ചെയ്യുന്ന സമാന കഥകൾ കഥാകാരൻ പലതവണ പറയുന്നുണ്ട്. 'ആർത്തി, മനുഷ്യക്കൂട്ട്, മറവി' എന്നിവ അവകളിലെ പലതിൽ ചിലതുമാത്രം.

സ്വാർത്ഥതയുടെ കൈപിടിയിലകപ്പെട്ട് മെലിഞ്ഞുണങ്ങിപ്പോകുന്ന രാഷ്ട്രീയാന്തരീക്ഷത്തെ മുച്ചൂട് അപഹസിക്കുന്ന കഥളും കടലിന്റെ ദാഹത്തെ ശ്രദ്ധേയമാക്കുന്നുണ്ട്. ' ഒരു രാജ്യം മരിച്ചുപോയ വാർത്ത, ഇവിടെ എല്ലാം ശാന്തമാണ്, പൂച്ചകളും വെടിയൊച്ചകളും' എന്നീ കഥകൾ രാഷ്ട്രീയ - സാംസ്കാരിക അരക്ഷിതാവസ്ഥയെ ചോദ്യം ചെയ്യുന്നതോടൊപ്പം അർദ്ധസത്യങ്ങളും പച്ചനുണകളും കമ്പോളത്തിലിറക്കി ലാഭം കൊയ്യുന്ന നാവമാധ്യമങ്ങളെയും മാധ്യമ ധർമ്മത്തേയും പ്രതിക്കൂട്ടിൽ നിർത്തുകയും ചെയ്യുന്നു.

ദൈവം എന്ന അനിഷേധ്യ സത്യത്തെ ഊട്ടിയുറപ്പിക്കുയും സാധൂകരിക്കുകയും ചെയ്യുന്ന 'ചൂട്ട് വെളിച്ചം, നരകത്തിന്റെ ഒരു കഷണം, ശാസ്ത്രക്രിയ, മനുഷ്യക്കൂട്ട് ' എന്നിവ ബഹുമുഖാർത്ഥങ്ങളുള്ള അക്ഷയഖനികളാണ്.

ദൈവത്തിന്റെ ചൂട്ട് വെളിച്ചത്തിന് പിന്നിൽ നടക്കുമ്പോഴാണ് ഞാൻ ലോകത്തെ കാണുന്നത്. ചൂട്ട് കെട്ട്പോയാൽ പിന്നെ ലോകമില്ല, ഞാനുമില്ല...(ചൂട്ട് വെളിച്ചം).

പ്രകൃതിയുടെ സ്വരരാഗതാളങ്ങളും അതിന്റെ സ്വാഭാവിക പരിണാമവും നിറഞ്ഞു നിൽക്കുന്ന ഒരുപിടി കഥകളും കഥാകാരൻ സമാഹാരത്തിൽ അണിനിരത്തുന്നുണ്ട്.

'മഴപെയ്യുന്നത് കൊണ്ടാവാം, കാറ്റടിച്ചു തണുക്കുന്നത് കൊണ്ടാവാം, ഇടിയും മിന്നലും കൊണ്ടുള്ള പേടികൊണ്ടാവാം വെള്ളം ഒന്നാകെ വീട്ടിലേക്കു പാഞ്ഞുകയറിയത്'(ഭയം).

വെള്ളപ്പൊക്കം തുടർക്കഥയാകുന്ന പുതുതലമുറയോട് അതിനെക്കുറിച്ച് ഇതിനേക്കാൾ ലളിതമായ ഭാഷയിൽ അഭിസംബോധന ചെയ്യാൻ പി കെ പാറക്കടവിനല്ലാതെ മറ്റാർക്കും സാധിക്കുമെന്ന് തോന്നുന്നില്ല.

'ഇരുട്ട് ആശ്വസിച്ചു, എന്നെ പുണരാൻ വരുന്നത് കൊണ്ടാണ് സന്ധ്യാ വെളിച്ചത്തിന് ഇത്രയും ഭംഗി' (സന്ധ്യ).

'ഓട്ടവീണ വാക്കുകളുടെ കലപില ശബ്ദങ്ങളും അർത്ഥമില്ലാത്ത ഉപചാരങ്ങളും ശബ്ദപ്രളയങ്ങളും മടുത്തിട്ടാണ് പർവ്വതങ്ങൾ ഒരു മൂലയിൽ പോയി മൗനം പുതച്ച് നിൽക്കുന്നത് ' (പാർവ്വതങ്ങളുടെ മൗനം).

ഇങ്ങനെ പ്രകൃതിയുടെ ചാലനാത്മകതയെ മാനുക്ഷിക സ്പന്ദനങ്ങളുമായി കോർത്തിണക്കിയ കഥകൾക്കൊണ്ട് സമ്പന്നമാണ് 'കടലിന്റെ ദാഹം'.

ഭയത്തോടുകൂടെ മാത്രം മനുഷ്യൻ വായിക്കാറുള്ള മരണമെന്ന സത്യത്തെ പാറക്കടവ് അവതരിപ്പിക്കുമ്പോൾ അതിന് വിരുന്നുകാരന്റെ പുഞ്ചിരിയുണ്ടാകുന്നു.

' ജീവിതം മരണത്തോട് പറഞ്ഞു : നീ ഒരിക്കൽ മാത്രം വരുന്ന അതിഥിയായതിനാലാകാം നിന്നെക്കുറിച്ച് എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നതും എപ്പോഴും കൂടെയുള്ള എനിക്ക് സ്ഥാനമില്ലാത്തതും.'

മരണമെന്ന സത്യത്തെ വായനക്കാരന്റെ മനസ്സിനോട് ചേർന്ന് നിന്ന്ക്കൊണ്ട് ബോധ്യപ്പെടുത്തുകയാണ് കഥാകാരൻ.

' ഭൂമിക്കടിയിൽ ഒരു വിത്തിന്റെ പൊട്ടിച്ചിരി

ചെടിയിൽ ഒരു പൂവ് '

പൂവിനേക്കാൾ മൃദുലമായ വരികളെക്കൊണ്ട് ആശയങ്ങളുടെ കടൽ തീർക്കാനുള്ള ജാലവിദ്യയും സൂത്രവാക്യവും തന്റെ തൂലികയിൽ ഇനിയുമുണ്ടെന്ന് തെളിയിച്ചുകൊണ്ടേയിരിക്കുകയാണ് പി കെ പാറക്കടവ്.

'ഇന്ദ്രജാലം' എന്ന കഥയിലെ വരികൾ നോക്കൂ...

' ജീവിതപ്പാത്രങ്ങളിൽ നിന്ന് വേദനകൾ പിഴുതെടുത്ത് ആഹ്ലാദച്ചിറകുകൾ തുന്നിച്ചേർത്ത് പറത്തിവിടുന്ന മാന്ത്രികനാണ് എഴുത്തുകാരൻ.'

ഉപര്യുക്ത വരികളെ അന്വർത്ഥമാക്കാൻ പാറക്കടവിന് വേണ്ടത് രണ്ടോ മൂന്നോ കുറുകിയ വരികൾ മാത്രം. ഒറ്റക്ക് നടക്കുമ്പോൾ ആകാശത്ത് നിന്ന് ഉറ്റിവീഴുന്ന മഴത്തുള്ളിയെ അയാൾ കടലാക്കുന്നു. പ്രപഞ്ചത്തിന്റെ താളുകളിൽ നിന്ന് അയാൾ ക്ഷണികതയുടെ പുതിയ ചിത്രങ്ങൾ വരക്കുന്നു. ആ ചിത്രങ്ങൾക്ക് കടലിനോളം നീളമില്ലെങ്കിലും അതിൽ അടങ്ങിയിരിക്കുന്ന ഉൾസാരങ്ങൾക്ക് ആകാശത്തോളം പരപ്പും കടലാഴിയേക്കാൾ ദൈർഘ്യവുമുണ്ടാകുന്നു. ആ വിശാലത മലയാള കഥാപരിസരത്ത് സൗന്ദര്യാനുഭൂതികളുടെ പുതിയ ഭൂപടമായി രൂപാന്തരപ്പെടുന്നു.

'കടലിന്റെ ദാഹം' വായനക്കാരന്റെ ദാഹമകറ്റാനുള്ള പലവിധ ചേരുവകളടങ്ങിയ തെളിനീരാണ്. ഗബ്രിയേൽ മാലാഖയുടെ സാന്നിധ്യത്തിൽ രചിക്കപ്പെട്ട പ്രസ്തുത കഥകൾ നിങ്ങളെ പുതുചിന്തകളുടെ വായനാലോകത്തേക്ക് വഴിനടത്തും. തീർച്ച.